## IV സബ്മിഷൻ

### (1) കൊച്ചി മെട്രോ ചാലക്കുടി വരെ ദീർഘിപ്പിക്കൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിന്റെ പൊതുഗതാഗതരംഗത്തെ ഏറ്റവും മികച്ച ചുവടുവയ്പ്പാണ് കൊച്ചി മെട്രോ. 1999-ൽ ഇ. കെ. നായനാർ സർക്കാരിന്റെ കാലത്താണ് കൊച്ചി മെട്രോ എന്ന ആശയം അവതരിപ്പിക്കപ്പെടുന്നത്. 2004-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയത്. 2006-ൽ നിർമ്മാണം തുടങ്ങി 2010-ൽ പൂർത്തിയാക്കാൻ ലക്ഷ്യമുണ്ടായിരുന്നുവെങ്കിലും സ്വകാര്യ പങ്കാളിത്തം വേണമെന്ന നിർദേശത്തോടെ കേന്ദ്രം എതിർപ്പ് ഉന്നയിച്ചു. 2011-ൽ ഉമ്മൻ ചാണ്ടി വീണ്ടും മുഖ്യമന്ത്രി പദത്തിലെത്തിയപ്പോഴാണ് കൊച്ചി മെട്രോയുടെ നിർമ്മാണം ആരംഭിച്ചതും കാലാവധി തീരുന്നതിനുമുമ്പ് ഇതിന്റെ പരീക്ഷണ ഓട്ടത്തിന്റെ ഉദ്ഘാടനവും നടത്തിയത്. പിന്നീട് 2017 ജൂൺ 17-ന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്യപ്പെടുന്നത്.

യാത്രകളെ അനായാസമാക്കുന്ന, ഗതാഗതക്കുരുക്കില്ലാത്ത, നഗരത്തിന്റെ വിശാല ദൂരങ്ങളെ മിനിറ്റുകളിലേക്ക് ചുരുക്കുന്ന, പ്രതിദിനം ഒരു ലക്ഷം പേർ യാത്ര ചെയ്യുന്ന പൊതുഗതാഗത സംവിധാനത്തിന്റെ വിജയത്തിന്റെ തെളിവാണ് കൊച്ചി മെട്രോ. മെട്രോയുടെ ആദ്യഘട്ടം ആലുവ മുതൽ പേട്ട വരെയായിരുന്നു. രണ്ടാംഘട്ടത്തിലാണ് തൃപ്പൂണിത്തുറ വരെ മെട്രോ സർവീസ് ആരംഭിച്ചത്. മൂന്നാംഘട്ടം ആലുവ മുതൽ എയർപോർട്ട് വഴി അങ്കമാലി വരെ സർവീസ് കൂട്ടുന്നതിനുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. മെട്രോ നഗരത്തിന്റെ ഉപഗ്രഹ നഗരമായി ചാലക്കുടി വികസിച്ചുകൊണ്ടിരിക്കുകയാണ്. അതിരപ്പിള്ളി വെള്ളച്ചാട്ടം ഉൾപ്പെടുന്ന പ്രദേശത്തേക്ക് പ്രതിദിനം മുപ്പത് ലക്ഷത്തോളം വിദേശ സഞ്ചാരികളാണ് വന്നുകൊണ്ടിരിക്കുന്നത്. കൊരട്ടി ഇൻഫോപാർക്ക് ഉൾപ്പെടുന്ന ഈ പ്രദേശത്തെ ഗതാഗത സംവിധാനങ്ങളെ അനായാസമാക്കുന്നതിനും ആ നാടിന്റെ വികസനത്തിനുംവേണ്ടി കൊച്ചി മെട്രോ ചാലക്കുടി വരെ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ആരംഭിച്ച കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം നാല് റീച്ചുകളിലായാണ് പൂർത്തീകരിച്ചത്. ആദ്യ രണ്ട് റീച്ചുകൾ 2017-ലും മൂന്നാമത്തെ റീച്ച് 2019-ലും നാലാമത്തെ റീച്ച് 2020-ലും പൂർത്തിയാക്കി ഗതാഗതം ആരംഭിച്ചു. 2022-ൽ പദ്ധതിയുടെ ഘട്ടം 1(എ)-ഉം 2023-ൽ ഘട്ടം 1(ബി)-ഉം യാഥാർത്ഥ്യമാക്കി. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെ മെട്രോ ദീർഘിപ്പിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2026-ൽ ഇത് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മൂന്നാംഘട്ടത്തിൽ ആലുവ മുതൽ നെടുമ്പാശ്ശേരി വിമാനത്താവളം വഴി അങ്കമാലി വരെ മെട്രോ സർവീസ് നീട്ടുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് നിർദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(2) <u>കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നടപടി</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കാർഷികമേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചാണ് സബ്മിഷനായി ഇവിടെ അവതരിപ്പിക്കുന്നത്. കാർഷികമേഖല ഇന്ന് പ്രയാസം നേരിടുകയാണ്. വയനാട്ടിലെ കർഷകർ വിവിധ ബാങ്കുകളിൽനിന്നും വിവിധ ആവശ്യങ്ങൾക്കായി ലോണെടുക്കുകയും പല കാരണങ്ങളാൽ അവ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രതിസന്ധി നേരിടുകയുമാണ്. കോവിഡ് കാലഘട്ടം, 2018-ലെ പ്രളയം, 2019-ലെ മഹാപ്രളയം അതോടൊപ്പംതന്നെ കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം, വരൾച്ച തുടങ്ങിയവയൊക്കെ വലിയ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. മാത്രമല്ല, ലോണെടുത്ത പല കർഷകരും കാൻസർ പോലുള്ള മാരകരോഗങ്ങൾ പിടിപെട്ട് വിവിധ ആശുപത്രികളിൽ ചികിത്സക്ക് വിധേയരാകുകയും ചിലർ മാരകമായ അസുഖം പിടിപെട്ട് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ഇത്തരം കുടുംബങ്ങളെടുത്ത ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുമ്പോഴാണ് ജപ്തി

നടപടികൾ നിർത്തിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണമേഖലയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവന്നത്. എന്നാൽ അതിൽ പ്രായോഗികമായുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. കർഷകർ കാർഷികാവശ്യത്തിന് മാത്രമല്ല മറ്റുള്ള കാര്യങ്ങൾക്കും ലോണെടുത്തിട്ടുണ്ട്. കാർഷികോൽപന്നങ്ങൾ വിറ്റഴിച്ച് ലോൺ അടയ്ക്കാമെന്നാണ് അവർ പ്രതീക്ഷിച്ചത്. പക്ഷേ നിലവിൽ ലോൺ അടയ്ക്കാൻ കഴിയാത്ത സാഹര്യമാണുള്ളത്. ഇപ്പോൾ അവിടെ ആർ.ആർ. നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ കോടതിവിധി അനുസരിച്ചുള്ള ജപ്തി നടപടികൾ, ഭൂമി അറ്റാച്ച്മെന്റ് തുടങ്ങിയവയും നടക്കുന്നുണ്ട്. ഇങ്ങനെ വലിയ പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ വയനാട് ജില്ലയിലെ കർഷകർ നേരിടുന്ന പ്രയാസങ്ങൾ കാണാതെ പോകാൻ കഴിയില്ല.

എന്റെ നിയോജകമണ്ഡലത്തിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ വർഷം ഏക്കർ കണക്കിന് ഭൂമിയിലെ കുരുമുളക്, കാപ്പി ഉൾപ്പെടെയുള്ള ഉൽപന്നങ്ങളാണ് കരിഞ്ഞുണങ്ങിയത്. ആ കർഷകർക്ക് പിന്നീട് വരുമാനമൊന്നും ലഭിച്ചിട്ടില്ല; ലോൺ അടയ്ക്കാനും സാധിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് ലോണെടുത്ത ആളുകളുമായി ഒരു സിറ്റിംഗ് നടത്തണം. ഇപ്പോൾ കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തുന്നുണ്ട്. ലോണേഴ്സിന്റെ ഒരു സിറ്റിംഗ് നടത്തി പലിശയും കൂട്ടുപലിശയും സർക്കാർ ഏറ്റെടുക്കുകയും ഇവരെടുത്ത മുതൽ ഗഡുക്കളായി അടച്ചുതീർക്കുന്നതിനുവേണ്ടിയുള്ള സാഹചര്യങ്ങൾ ഒരുക്കണമെന്നും ഇതിനായി ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നുമാണ് ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ സബ്മിഷന്റെ വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കാം+. സഹകരണമേഖലയിലെ വായ്പയുമായി ബന്ധപ്പെട്ട കാര്യത്തിലാണ് ഗവൺമെന്റിന് കാര്യമായി ഇടപെടാൻ സാധിക്കുന്നത്. ഇതുസംബന്ധിച്ച് നമ്മുടെ കാർഷിക കടാശ്വാസ കമ്മീഷന്റെ നടപടിക്രമങ്ങളുണ്ട്. നടപ്പ് സാമ്പത്തിക വർഷം 22,86,90,000/- രൂപ സംസ്ഥാന ബജറ്റിൽ കടാശ്വാസ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കമ്മീഷൻവഴി വിതരണം ചെയ്യാൻ വകയിരുത്തുകയും അതിൽ 10,36,00,000/- രൂപയിലധികം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് പ്രധാനമായും നാഷണലൈസ്ഡ് ബാങ്കുകളും കോടതിനടപടികളും സംബന്ധിച്ച പ്രശ്നമാണ്. ഇതുമായി ബന്ധപ്പെട്ട് നേരിട്ട് നിയമനിർമ്മാണം നടത്തുന്നതിന് പ്രശ്നമുണ്ട്. എന്നാലും ബാങ്കുകളുടെ സംസ്ഥാനതല സമിതിയുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾ സൂചിപ്പിക്കാം. വയനാട് ദുരന്തം പോലുള്ള സംഭവങ്ങൾ വന്നപ്പോൾ നേരത്തെതന്നെ അക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സഹകരണമേഖലയിലുള്ള വിവിധ പദ്ധതികൾ തുടരുന്നതാണ്. സർക്കാർ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി അവരെക്കൂടി ഇതിൽ ഇടപെടുത്താനുള്ള ശ്രമം നടത്താം. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. അക്കാര്യങ്ങളിൽ ഇടപെട്ട് അവരുടെ ശ്രദ്ധയിൽപ്പെടുത്താം.

(3) വള്ളക്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി

ശ്രീ. ആന്റണി രാജു: സർ, കോവളം-ബേക്കൽ ജലപാതയുടെ ഭാഗമായുള്ള ടി.എസ്. കനാലിന്റെ കുറുകെയുള്ള പാലമാണ് തിരുവനന്തപുരം നഗരത്തിലെ ചരിത്ര പ്രാധാന്യമുള്ള വള്ളക്കടവ് പാലം. 1999 മുതൽ പല ഘട്ടങ്ങളിലും പാലം പുനരുദ്ധാരണത്തിനായി ഭരണാനുമതികൾ നൽകിയിരുന്നു. ദേശീയ ജലപാതയുടെ കുറുകെയുള്ള പാലമായതിനാൽ വള്ളക്കടവ് പാലത്തിന്റെ ഡിസൈൻ നവീകരിക്കേണ്ടിവന്നു. തുടർന്ന് 21-05-2023-ൽ 39.8 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. 70 ശതമാനം ഭൂമിയുടെയും പണം നൽകി ആളുകളെ ഒഴിപ്പിച്ച് സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. പാലത്തിന്റെ ഗുരുതരമായ ബലക്ഷയംമൂലം വള്ളക്കടവ് പാലം ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ബിറ്റുമിന്റെ നിരക്കിലുള്ള വ്യതിയാനവും മറ്റുംമൂലം പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 55.5 കോടി രൂപയുടെ ഭരണാനുമതിക്കായുള്ള ഫയൽ CTE (ചീഫ് ടെക്നിക്കൽ എക്സാമിനർ)-യുടെ പരിശോധനയോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഗണനയിലാണ്. ദേശീയപാത ബൈപ്പാസ്

റോഡിൽനിന്നും ഡൊമസ്റ്റിക് എയർപോർട്ട്, പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ ശംഖുമുഖം, ചരിത്രപ്രസിദ്ധമായ വലിയതുറ പോർട്ട്, പ്രസിദ്ധ തീർഥാടന കേന്ദ്രമായ ബീമാപള്ളി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ നിരവധി ഗോഡൗണുകൾ എന്നിവിടങ്ങളിലേക്കുള്ള പ്രധാന പാതയെന്നനിലയിലും ഇതിനേക്കാളുപരിയായി വിശ്വപ്രസിദ്ധമായ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ ആറാട്ടുവഴി എന്ന നിലയിലും വള്ളക്കടവ് പാലത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. വള്ളക്കടവ് പാലം അടച്ചിട്ടിരിക്കുന്ന ഗൗരവതരമായ സ്ഥിതി പരിഗണിച്ച് പ്രസ്തുത പാലം പുനർനിർമ്മിക്കാനുള്ള പുതുക്കിയ ഭരണാനുമതി അടിയന്തരമായി നൽകി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുന്നു.

<u>വള്ളക്കടവ് പാലത്തിന് പുതുക്കിയ ഭരണാനുമതി</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, വള്ളക്കടവ് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾക്കായി 5800 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും

CTE സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എസ്റ്റിമേറ്റ് തുക 55 കോടി 50 ലക്ഷം രൂപയായി വീണ്ടും പുതുക്കി നിശ്ചയിച്ച് ആയതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകി ഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. എത്രയുംവേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

(4) വിവിധ ക്ഷേമ പെൻഷനുകളുടെ തുക വ്യത്യാസം

ശ്രീ. ലിന്റോ ജോസഫ്: സർ, കേരളത്തിലെ ഏറ്റവും വലിയ ക്ഷേമപ്രവർത്തനങ്ങളിൽ ഒന്നാണ് സാമൂഹ്യസുരക്ഷാ പെൻഷൻ. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷൻ 600 രൂപയിൽനിന്ന് ഘട്ടംഘട്ടമായി 1600 രൂപയായും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 32 ലക്ഷത്തിൽനിന്ന് 62 ലക്ഷത്തിലധികമായും ഉയർത്തുകയും ചെയ്തു. 62 ലക്ഷത്തിലധികം വരുന്നവർ ഇന്ന് കേരളത്തിൽ ക്ഷേമപെൻഷനെ വളരെ പ്രതീക്ഷയോടുകൂടിയാണ് നോക്കികാണുന്നത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ക്ഷേമപെൻഷൻ അവകാശമാണെന്ന്

ജനങ്ങൾക്ക് ബോധ്യമാകുംവിധം പെൻഷൻ തുക ഏകീകരിക്കുകയും മാസാമാസം വിതരണം ചെയ്തുവരികയും ചെയ്യുന്നു. 62 ലക്ഷം ക്ഷേമ പെൻഷൻകാരിൽ 6 ലക്ഷം പേർക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ട്. വിധവകൾക്ക് 200 രൂപ, ഭിന്നശേഷി വിഭാഗക്കാർക്ക് 300 രൂപ, 80 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപ എന്ന തരത്തിലാണ് നാമമാത്രമായ സഹായം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നൽകുന്നത്. 6 ലക്ഷം പേർക്കുള്ള സെൻട്രൽ ഗവൺമെന്റ് എയ്ഡുകൂടി ചേർത്ത് സംസ്ഥാന ഗവൺമെന്റ് 1600 രൂപയാക്കി 62 ലക്ഷം പേർക്ക് കൃത്യമായി വിതരണം ചെയ്തുവരികയാണ്. എന്നാൽ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം DBT (Direct Benefit Transfer) മുഖാന്തരം നാമമാത്രമായി തുക മാറ്റിയതോടെ കേരളത്തിലെ 62 ലക്ഷം ഗുണഭോക്താക്കളിൽ 6 ലക്ഷം പേരെ ഇത് ഗൗരവമായി ബാധിക്കുകയാണ്. പെൻഷനുകളിൽ വരുന്ന കുറവ് യഥാക്രമം 1100, 1300, 1400 എന്നിങ്ങനെയാണ്. കേന്ദ്ര ഗവൺമെന്റ് ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുമെന്നാണ് പറയുന്നതെങ്കിലും വലിയ തുക കുടിശ്ശികയായി നിൽക്കുകയാണ്. ഇത് ജനങ്ങളിൽ

വലിയരീതിയിലുള്ള തെറ്റിദ്ധാരണ ഉണ്ടാക്കുന്നുണ്ട്. അതേ ഗണത്തിൽ വരുന്നവർക്ക് മുഴുവൻ തുകയായ 1600 രൂപ ക്ഷേമപെൻഷനായി ലഭ്യമാകുകയും ചിലർക്ക് കുറവുവരികയും ചെയ്യുന്നത് വലിയതരത്തിലുള്ള തെറ്റിദ്ധാരണയാണ് സമൂഹത്തിൽ പരത്തുന്നത്. എല്ലാ മേഖലയിലും കേന്ദ്രം കേരളത്തോട് അവഗണന കാണിക്കുന്നതുപോലെ ഈ മേഖലയിലും അവഗണന തുടരുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ കുടിശ്ശികയായി നൽകാനുള്ള ക്ഷേമ പെൻഷൻ തുക എത്രയാണെന്നതും സെൻട്രൽ ഗവൺമെന്റിന്റെ എയ്ഡ് നൽകാത്തതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ നമുക്ക് എന്താണ് ചെയ്യാൻ കഴിയുന്നതെന്നും ഒരാൾക്കും ക്ഷേമപെൻഷൻ കുറവില്ലാത്ത തരത്തിൽ ക്ഷേമ പെൻഷൻ കൃത്യമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ചോദ്യം ചോദിച്ചതുപോലെ വിശദമായി മറുപടി പറയേണ്ട വിഷയമാണിത്. സാധാരണഗതിയിൽ ഞാൻ അധികം വിശദീകരിക്കാറില്ല; എന്നാൽ ഇത് വലിയൊരു സംശയമായി നിൽക്കുന്ന കാര്യമായതുകൊണ്ട് വിശദമായി

പറയാം. അശരണരും നിലാരംബരുമായവർക്കായി സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നു. സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന 55 ലക്ഷത്തിലധികം വരുന്ന ഗുണഭോക്താക്കൾക്ക് സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചുവരുന്നു. എല്ലാ ഗുണഭോക്താക്കൾക്കും 1600 രൂപ എന്ന ഏകീകൃത നിരക്കിലാണ് സംസ്ഥാന സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകളിലുൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹിക സുരക്ഷാ പെൻഷനുകളിലെ 846456 പേർക്ക് മാത്രമാണ് NSAP (National Social Assistance Programme) പ്രകാരമുള്ള 200 രൂപ മുതൽ 500 രൂപ വരെയുള്ള നാമമാത്രമായ കേന്ദ്ര വിഹിതം ലഭിക്കുന്നത്. എന്നാൽ ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ

വികലാംഗ പെൻഷൻ എന്നിവയ്ക്കുപുറമെ സംസ്ഥാന വിഹിതം മാത്രമുള്ള കർഷകത്തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻഷൻ എന്നിവ ഉൾപ്പെടെ 4984258 പേർക്ക് (ക്ഷേമനിധി ബോർഡ് പെൻഷൻ ഒഴികെ) സംസ്ഥാന വിഹിതത്തിന് അർഹതയുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഇനം | പെൻഷൻ ഉപവിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം (രൂപ) | സംസ്ഥാന വിഹിതത്തിന് അർഹതയുള്ളവരുടെ എണ്ണം | പ്രതിമാസ കേന്ദ്ര വിഹിതം (രൂപ) | കേന്ദ്ര വിഹിതം ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സുവരെ | 1400 | 28,57,887 | 200 | 3,42,032 |
| | പ്രായം 80 വയസ്സും അതിനുമുകളിലും | 1100 | | 500 | 1,16,781 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80 ശതമാനവും അതിനുമുകളിലും (18 വയസ് മുതൽ) | 1300 | 3,93,448 | 300 | 19,285 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനുമുകളിലും | 1300 | 13,38,809 | 300 | 3,68,358 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 3,11,343 | 0 | 0 |
| 50 വയസ് കഴിഞ്ഞ അവിവാഹിത | | 1600 | 82,771 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| പെൻഷൻ | | | | | |
| ആകെ | | | 49,84,258 | | 8,46,456 |

അതിൽ നേരത്തെ സൂചിപ്പിച്ച വിവിധ കാറ്റഗറിയിലുള്ള 846456 പേർക്കുമാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ പെൻഷനുകൾക്ക് അർഹതയുള്ളൂ. ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ പ്രകാരം 60 മുതൽ 79 വയസ്സുവരെ 342000 പേർക്ക് സംസ്ഥാന സർക്കാർ 1400/- രൂപ കൊടുക്കുമ്പോൾ കേന്ദ്രം 200/- രൂപയാണ് കൊടുക്കുന്നത്. അതുപോലെ 80 വയസ്സ് കഴിഞ്ഞ 116000 പേർക്ക് 500 രൂപ കേന്ദ്ര ഗവൺമെന്റ് കൊടുക്കുമ്പോൾ 1100 രൂപ സംസ്ഥാന ഗവൺമെന്റാണ് കൊടുക്കുന്നത്. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ 1300 രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കുമ്പോൾ 300 രൂപയാണ് കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നത്. അത്തരത്തിൽ 19285 പേർക്കാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. എന്നാൽ 393448 പേർക്കാണ് സംസ്ഥാന വിഹിതം ലഭിക്കുന്നത്. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 1300 രൂപ സംസ്ഥാന ഗവൺമെന്റ് 1338809 പേർക്കാണ് കൊടുക്കുന്നത്. അതിൽ 368358 പേർക്ക്

300 രൂപ വീതമാണ് കേന്ദ്രം കൊടുക്കുന്നത്. 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷനും കർഷകത്തൊഴിലാളി പെൻഷനുമൊന്നും കേന്ദ്രം കൊടുക്കുന്നതല്ലെന്ന് നമുക്കറിയാം. അങ്ങനെ 846456 പേർക്ക് 200 രൂപയോ 300 രൂപയോ അല്ലെങ്കിൽ 500 രൂപ വരെയോ കൊടുക്കുന്ന പല പെൻഷനുകളുണ്ട്. ഇതാണ് സ്ഥിതി.

2022 ഡിസംബർ വരെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള തുക മുഴുവൻ ഒരുമിച്ച് സംസ്ഥാന സർക്കാർ അഡ്വാൻസായി നൽകുകയും കേന്ദ്രവിഹിതം പിന്നീട് കേന്ദ്ര സർക്കാർ റീ-ഇംബേഴ്സ്മെന്റ് രീതിയിൽ തിരികെ നൽകുകയും ചെയ്യുന്നതായിരുന്നു പതിവ്. എന്നാൽ പലപ്പോഴും ഇത്തരം തുക സമയബന്ധിതമായി നൽകാത്ത പ്രശ്നമുണ്ടായിരുന്നു. ഏകദേശം 600 കോടി രൂപ കുടിശ്ശിക കവിയുന്ന സ്ഥിതിയുണ്ടായിരുന്നു. നിലവിൽ സംസ്ഥാന സർക്കാർ മുൻകൂറായി ചെലവഴിച്ച 121.54 കോടി രൂപ റീ-ഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കാനുണ്ട്. ആ സാഹചര്യത്തിൽതന്നെ നിയമത്തിൽ ചില മാറ്റങ്ങൾ കേന്ദ്രം വരുത്തിയിട്ടുണ്ട്. 2023 ജനുവരിയിൽ കേന്ദ്ര സർക്കാർ കേന്ദ്ര വിഹിതവുമായി ബന്ധപ്പെട്ട് ഒരു പുതിയ നിബന്ധന കൊണ്ടുവന്നു. ഇതിലൂടെ

കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകാമെന്ന നിലപാട് സ്വീകരിച്ചു. ഇങ്ങനെ വരുമ്പോൾ കേന്ദ്ര സർക്കാരിന്റെ വിഹിതം സമയബന്ധിതമായി പലപ്പോഴും ലഭിക്കാത്ത സ്ഥിതിയുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര വിഹിതം ലഭിക്കേണ്ട ഗുണഭോക്താക്കളുടെ വിഹിതം സംസ്ഥാന സർക്കാർ മുൻകൂറായി നൽകാൻ തുടങ്ങി. കേന്ദ്രവിഹിതത്തിന് ആനുപാതികമായ തുക കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിലേക്ക് സംസ്ഥാനം മുൻകൂട്ടി നൽകുന്ന സാഹചര്യമുണ്ടായി. അക്കൗണ്ടിൽ കൊടുക്കുന്നത് പിന്നീട് റീ-ഇംബേഴ്സ് ചെയ്യുകയായിരുന്നു. എന്നാൽ 2023 ജനുവരി മാസം ഒന്നിന് സംസ്ഥാന സർക്കാർ പ്രതിമാസം 1600 രൂപ നിരക്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ സ്വന്തം ഫണ്ടിൽനിന്നും അനുവദിക്കുമ്പോൾ കേന്ദ്ര വിഹിതം ഇല്ലാത്ത പെൻഷൻ ഗുണഭോക്താക്കൾക്ക് അതേ തുക ഒറ്റത്തവണയായി ലഭിക്കും. എന്നാൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതമായ 1100 മുതൽ 1400 രൂപ വരെ കൃത്യമായി ലഭിക്കുമ്പോൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് മുൻകൂറായി നൽകിയ

കേന്ദ്ര വിഹിതമായ 200 രൂപ മുതൽ 500 രൂപ വരെ പ്രത്യേകമായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിൽ കേന്ദ്ര സർക്കാർ മിക്കപ്പോഴും കാലതാമസം വരുത്തുന്നു. ഇത് എം.എൽ.എ. എന്ന നിലയിൽ അങ്ങും ജനപ്രതിനിധി എന്ന നിലയിൽ നമ്മളെല്ലാം നേരിടുന്നൊരു പ്രശ്നമാണ്. പലപ്പോഴും ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതമായ 200 മുതൽ 500 രൂപ വരെ സംസ്ഥാന വിഹിതത്തോടൊപ്പം ലഭ്യമാകാത്ത സാഹചര്യം വരുമ്പോൾ പണം വിതരണം ചെയ്യുന്ന ബാങ്കുകളുടെ നേരെ വളരെ സാധുക്കളായ ആളുകൾക്ക് സംശയമുണ്ടാകുകയും പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ക്രെഡിറ്റ് ചെയ്യുന്ന തുക വൈകുന്നത് കൊണ്ടാണ് ഈ 8 ലക്ഷത്തിൽപരംപേർക്ക് 200 രൂപ മുതൽ 500 ലഭിക്കാനുള്ളത്. ഈ വിഷയം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അത് പരിഹരിക്കാനായി കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. പഴയ രീതിയിൽ 846456 ഗുണഭോക്താക്കളുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വിതരണം ചെയ്യാൻ സംസ്ഥാന സർക്കാരിനെ അനുവദിക്കുകയാണെങ്കിൽ ഈ പ്രശ്നം

പരിഹരിക്കാം. പക്ഷെ നിലവിലെ അവരുടെ നിയമമനുസരിച്ച് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാനെ സാധിക്കൂ. പലപ്പോഴും പ്രശ്നം ഉണ്ടാകുന്നതുകൊണ്ടാണ് ഇത്രയും വിശദീകരിച്ചത്.

(5) മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി 15 വർഷം മുമ്പ് സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും ഉപയോഗിക്കാൻ സാധിക്കാതെ കിടക്കുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കൈവശമാണ് ഇപ്പോൾ ഈ സ്ഥലമുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൻസർ സെന്റർ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കാൻസർ കെയർ സൊസൈറ്റിക്കുകീഴിൽ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് കൈമാറി കിട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിലെ തർക്കം കാരണം ഇത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. എത്രയും

വേഗം ഇത് ജില്ലാപഞ്ചായത്തിന് കൈമാറി കൊടുക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജ് കണ്ണിപറമ്പ് ദേശത്ത് റി-സ 128/2, 128/3, 128/5A, 127/2, 127/3, 133/3 എന്നീ നമ്പറുകളിൽപ്പെട്ട 6 ഏക്കർ 34.12 സെന്റ് ഭൂമി, മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ മാനേജിങ് ട്രസ്റ്റി ശ്രീമതി അഫ്സത്ത് ഖാദർകുട്ടി സൗജന്യമായി സർക്കാരിലേക്ക് വിട്ടുനൽകിയിരുന്നു. പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുള്ളതും, ഭൂമി സ്വീകരിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, മലബാർ കാൻസർ സെന്റർ തലശ്ശേരി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഭൂമി ഒരു സബ് സെന്റർ സ്ഥാപിക്കുന്നതിനായി ഏക്കറൊന്നിന് 100/- രൂപ പ്രതിവർഷ പാട്ടനിരക്കിൽ 30 വർഷത്തേക്ക് മലബാർ കാൻസർ സെന്ററിന് പാട്ടത്തിന് നൽകി. എന്നാൽ പിന്നീട് അപേക്ഷയുടിസ്ഥാനമായ ഭൂമി ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ ഉത്തരവുപ്രകാരം മെഡിക്കൽ

കോളേജിനുകീഴിൽ കാൻസർ സ്ക്രീനിങ് സെന്റർ ആരംഭിക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയിരുന്നെങ്കിലും ആയതിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിലാണ് 24-09-2024-ന് ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, കോഴിക്കോട് മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ എന്നിവരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം ടി ഭൂമി ജില്ലാ പഞ്ചായത്തിന് കാൻസർ കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് പാട്ടത്തിന് നൽകാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 06-02-2025-ൽ കോഴിക്കോട് ജില്ലാ കളക്ടർ പ്രസ്തുത ഭൂമി ജില്ലാ പഞ്ചായത്തിന്റെ കാൻസർ കെയർ സെന്ററിന് പാട്ടത്തിന് നൽകണമെന്ന പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനുവേണ്ടി, പ്രസ്തുത ഭൂമി തലശ്ശേരി മലബാർ കാൻസർ സെന്ററിന് പാട്ടത്തിന് നൽകിയ GO(MS)No.362/2012/RD ഉത്തരവും,

GO(RT) No.1812/2010/H&FWD ഉത്തരവും, കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ GO(RT)No.2174/2016/H&FWD ഉത്തരവും റദ്ദ് ചെയ്യണമെന്ന് കോഴിക്കോട് ജില്ലാ കളക്ടർ പ്രസ്തുത പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് സമഗ്രമല്ലാത്തതിനാലും, ഭൂമി ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് നിലവിൽ ടി ഭൂമി അനുവദിച്ചിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ സമ്മതപത്രം തുടങ്ങിയ അധികവിവരങ്ങൾ ആവശ്യമായതിനാലും അവ ലഭ്യമാക്കുന്നതിനുള്ള കത്ത് 21-03-2025-ന് ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്തിമ റിപ്പോർട്ട് ഉടൻതന്നെ ലഭ്യമാക്കി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നടപടികൾ വേഗത്തിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ച് ചേർക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതാണ്.

## (6) കിനാലൂരിൽ AIIMS-നായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, AIIMS സ്ഥാപിക്കുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) വിട്ടുനൽകിയ 150 ഏക്കർ ഭൂമികൂടാതെ അധിക ഭൂമിയായി 100 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും സർക്കാർ ഏറ്റെടുക്കുന്നുണ്ട്. ഒരുതരത്തിലുമുള്ള എതിർപ്പുകളും ഉന്നയിക്കാതെയാണ് AIIMS-നായി പ്രദേശവാസികൾ ഭൂമി വിട്ടുനൽകുന്നത്. ഇങ്ങനെ കണക്കാക്കിയ ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. നൂറിലധികം കുടുംബങ്ങൾക്ക് AIIMS-നായി മാറ്റിവച്ച ഭൂമി വിൽക്കൽ-വാങ്ങൽ നടത്താൻ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സ്ഥലം പണയപ്പെടുത്തി ബാങ്ക് ലോൺ എടുക്കുന്നതിനും സാധിക്കുന്നില്ല. അതിനാൽ ഗൗരവമായ ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്ത് എയിംസ് (AIIMS) സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ കിനാലൂർ വില്ലേജിലെ 39.3352 ഹെക്ടർ (97.16 ഏക്കർ) ഭൂമിയും കാന്തലാട് വില്ലേജിൽ കിനാലൂർ ദേശത്തുള്ള 54.36 ഏക്കർ ഭൂമിയും ഉൾപ്പെടെ 151.52 ഹെക്ടർ ഭൂമി 29-08-2024-ലെ പ്രത്യേക ഉത്തരവുപ്രകാരം രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും നിബന്ധനകൾക്കും വിധേയമായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, കൈവശാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനുപുറമേയാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 100.48 ഏക്കർ ഭൂമിയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും പ്രത്യേക ഗവൺമെന്റ് ഉത്തരവുപ്രകാരം ചുമതലപ്പെടുത്തി

ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ AIIMS-നുവേണ്ടി കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കിനാലൂർ, കാന്തലാട് വില്ലേജുകളിൽ 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ അർത്ഥന, ജില്ലാ കളക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 08-02-2022-ലെ ഉത്തരവുപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് കണ്ടിജൻസി ചാർജ് അടയ്ക്കുന്ന നടപടി പൂർത്തിയാക്കുകയും 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വകുപ്പ് 8(2) അനുസരിച്ച് ഭൂമിയേറ്റെടുക്കലുമായി മുന്നോട്ടുപോകുന്നതിന് ഗവൺമെന്റ് അനുമതി നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിയമവകുപ്പിലെ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറത്തിറക്കുകയും തുടർന്ന് 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകുയും ചെയ്തിട്ടുണ്ട്. എയിംസിനുവേണ്ടി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച സർവെ നമ്പറുകളിൽ ഉൾപ്പെട്ട പുറമ്പോക്ക് അതിർത്തികളിലും സർവെ

അതിർത്തികളിലും പുനർനിർണ്ണയം നടത്തി സർവെ കല്ലുകൾ സ്ഥാപിക്കാൻ ഉത്തരവായതുപ്രകാരം ഈ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കിനാലൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന 41, 43, 48, 50, 52 സർവെ നമ്പറുകളുടെ പൊതു അതിർത്തിയിൽ സർവെ ചെയ്യുന്നതിനും കല്ലുകൾ സ്ഥാപിക്കുന്നതിനും കൈവശക്കാരും പ്രദേശവാസികളും തടസ്സം നിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത തടസ്സങ്ങൾ നീക്കി സർവെ നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ജില്ലാകളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതനുസരിച്ച്, 11(1) വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ, പ്രസ്തുത ഭൂമി വിൽക്കാനോ മറ്റാവശ്യങ്ങൾക്കോ പൊതുവായി ഉപയോഗിക്കാനോ പാടില്ല എന്ന നിയമപരമായുള്ള ഒരു പ്രശ്നം മുന്നിൽ നിൽക്കുന്നുണ്ട്. 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെതന്നെ 11(4) പ്രകാരം ബഹുമാനപ്പെട്ട കളക്ടർക്ക് വസ്തുവിന്റെ ഉടമസ്ഥൻ നൽകുന്ന അപേക്ഷയിൽ പ്രത്യേക

കാരണങ്ങൾ രേഖപ്പെടുത്തി പ്രത്യേകിച്ച് വിദ്യാഭ്യാസം, മറ്റ് അത്യാവശ്യ കാര്യങ്ങൾ ഉൾപ്പെടുത്തിയാൽ, പ്രസ്തുത വ്യവസ്ഥയിൽ അത് ഒഴിവാക്കി നൽകാവുന്നതാണെന്നുകൂടി സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ നമുക്കത് ഉപയോഗപ്പെടുത്താൻ കഴിയും. അതിനുപുറമെ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയതുപോലെ ടി നടപടിക്രമങ്ങൾ ഏറ്റവും വേഗതയിലാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. അതിനിടയിൽ പ്രത്യേകമായ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ വന്നാൽ അതിനെ മോർട്ട്ഗേജ് ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി പ്രത്യേക അപേക്ഷയിൽ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

## (7) അട്ടപ്പാടിയിലെ ഭൂമി കൈയേറ്റം

ശ്രീമതി കെ. കെ. രമ: സർ, അട്ടപ്പാടിയിൽ ഭൂപരിഷ്കരണംപോലും അട്ടിമറിച്ച് ആദിവാസി ഭൂമി കൈയേറുന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നതതല അന്വേഷണം നടത്തണം. അട്ടപ്പാടിയിൽനിന്നും ആദിവാസികളെ

തുടച്ചുനീക്കുന്ന തരത്തിലാണ് വ്യാജരേഖ നിർമ്മിച്ച് ഭൂമി കൈയേറ്റം നടക്കുന്നത്. അട്ടപ്പാടിയിൽ പണമുള്ളവർക്കുമാത്രം നിയമവും ചട്ടവും റവന്യൂ ഉദ്യോഗസ്ഥരെയും വിലയ്ക്കെടുത്ത് എന്തും ചെയ്യാമെന്നുള്ള അവസ്ഥയാണുള്ളത്. ഇതിനെതിരെ ആദിവാസികൾ എല്ലാ തലങ്ങളിലും പരാതികൾ നൽകിയിട്ടുണ്ട്. വ്യാജരേഖ നിർമ്മിച്ച് ഭൂമാഫിയ സംഘത്തെ സഹായിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർ തന്നെയാണ് അന്വേഷണങ്ങളെല്ലാം നടത്തുന്നത്. അതിനാൽ ആദിവാസി ഭൂമി കൈയേറുന്നതിന് അറുതിവരുത്തണം. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ, എം.എൽ.എ. നൽകിയ ചോദ്യത്തിന് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി 11-03-2025-ൽ നൽകിയ മറുപടി, 2023-24 കാലയളവിൽ ഭൂപരിഷ്കരണം അട്ടിമറിച്ച് അട്ടപ്പാടിയിൽ കോട്ടത്തറ വില്ലേജിൽമാത്രം 575 ഏക്കർ ഭൂമിയാണ് വില്പന നടത്തിയിരിക്കുന്നതെന്നാണ്. 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം 1970 ജനുവരി 1-ന് 15 ഏക്കറിലധികം ഭൂമി സർക്കാരിൽ നിക്ഷിപ്തമായിരുന്നു. എന്നാൽ മണ്ണാർക്കാട് മൂപ്പിൽനായരുടെ കുടുംബം ബ്രിട്ടീഷ് കാലത്തുണ്ടായിരുന്ന നൂറുകണക്കിന് ഏക്കർ ഭൂമി

നിയമവിരുദ്ധമായി നിലനിർത്തി. റവന്യൂ വകുപ്പിനെ നോക്കുകുത്തിയാക്കി, ഉദ്യോഗസ്ഥരെ സ്വാധീനിച്ച് 575 ഏക്കർ ഭൂമി വില്പന നടത്തിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്. ഒരു വില്ലേജിലെ മാത്രം കാര്യമാണിത്. മറ്റ് ആറു വില്ലേജുകളിലും സമാനമായ കൈയേറ്റങ്ങൾ നടക്കുന്നുണ്ട്. ഇവർക്ക് ഭൂപരിധിയിൽ ഇളവുനൽകി. താലൂക്ക് ലാൻഡ് ബോർഡിൽ രേഖയില്ല. പരിധിയിലധികം ഭൂമി കൈവശം വയ്ക്കുന്നതിന് സീലിങ് റിട്ടേണും സമർപ്പിച്ചിട്ടില്ലെന്നാണ് റവന്യൂ വകുപ്പ് സൂചിപ്പിക്കുന്നത്. ഏക്കർ കണക്കിന് ഭൂമിയാണ് അനന്തരാവകാശികൾ എന്നറിയപ്പെടുന്നവർ വില്പന നടത്തിയിരിക്കുന്നത്. ഒരേ ദിവസം പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി രജിസ്ട്രേഷൻ നടന്ന സംഭവങ്ങളും രേഖകളും റവന്യൂ വകുപ്പിലുണ്ട്. അട്ടപ്പാടിയിലെ മൂലഗംഗൽ, വെച്ചപ്പാതി, വെള്ളക്കുളം തുടങ്ങിയ ആദിവാസി ഊരുകളിലെ ഭൂമിപോലും ആധാരം ചമച്ച് വില്പന നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ 2024 ഒക്ടോബറിൽ അട്ടപ്പാടി നേരിട്ട് സന്ദർശിച്ച് അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റവന്യൂ, വനം,

പട്ടികവർഗ്ഗം, നിയമം, തദ്ദേശസ്വയംഭരണം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു ഉന്നതതല സംഘത്തെ അന്വേഷണത്തിനായി നിയമിക്കണമെന്നാണ് റിപ്പോർട്ടിലെ പ്രധാന ശിപാർശ. അട്ടപ്പാടിയിൽ ഡിജിറ്റൽ സർവെ തുടർന്നാൽ ആദിവാസികളെ അവിടെനിന്നും തുടച്ചുനീക്കപ്പെടുന്ന സാഹചര്യമാണുള്ളത്. തഹസിൽദാർ, വില്ലേജ് ഓഫീസർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ പഴയരേഖകൾ നശിപ്പിച്ച് ഒറിജിനൽ രേഖയുണ്ടാക്കി ആദിവാസികളുടെ ഭൂമി കൈയേറ്റം ചെയ്യുകയാണ്. ഇത്തരം അതിഭീകരമായ കൈയേറ്റത്തിന്റെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതല സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടിയുള്ള നടപടികളാണ് സർക്കാർ എടുത്തുപോരുന്നത്. ഒരുകാരണവശാലും ഒരു സന്ധിയും ആരുമായും ഇക്കാര്യത്തിലുണ്ടാക്കില്ല. അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അട്ടപ്പാടിയിൽ സന്ദർശനം നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കണമെന്നതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം. പട്ടികവർഗ്ഗക്കാർ തലമുറകളായി താമസിച്ചുവരുന്ന ഇടങ്ങളിലാണ് മറ്റുള്ളവർ കൈയേറി അവകാശം സ്ഥാപിക്കുകയും സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു കാലത്ത് ഈ ഭൂമിയിൽ സ്വതന്ത്രമായി വിഹരിക്കുന്നതിനും കൃഷി ചെയ്യുന്നതിനും യാതൊരുവിധ തടസ്സങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ അവരുടെ ഭൂമിക്ക് സ്വന്തമായി രേഖകൾ ലഭ്യമാക്കുകയോ ആയത് ലഭ്യമാകുന്നതിന് ശ്രമിക്കുകയോ ചെയ്യാത്ത ചില പ്രശ്നങ്ങളുമുണ്ട്. അട്ടപ്പാടിയിൽ

തമിഴ്നാട്ടിൽനിന്നും കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽനിന്നും കുടിയേറി വന്നവർ, പട്ടികവർഗ്ഗക്കാരുടെ നിഷ്കളങ്കതയും അജ്ഞതയും മുതലെടുത്ത് ഭൂമി കൈയേറുന്നതും ഭീഷണിപ്പെടുത്തിയും മറ്റ് സ്വാധീനങ്ങൾ വഴിയും തലമുറകളായി അനുഭവിച്ചുവരുന്ന ഭൂമി അന്യാധീനപ്പെടുത്തുന്നതുമായ അവസ്ഥയാണ് നിലവിലുള്ളത്. ഇതിനെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആദിവാസി സമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയെന്നതാണ് ഈ സർക്കാരിന്റെ നിലപാട്. ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ നിയമപരമായ എല്ലാ അവകാശങ്ങളും സംരക്ഷിക്കുമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്, സംസ്ഥാനത്ത് 556 ഉന്നതികളിലായി 29139 കുടുംബങ്ങൾക്ക് 38581.50 ഏക്കർ ഭൂമിക്ക് വനാവകാശ രേഖ നൽകിയത്. വനാവകാശ രേഖ ലഭിച്ച വനഗ്രാമങ്ങളെ റവന്യൂ വില്ലേജുകളാക്കി മാറ്റുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 03-02-2025-ൽ 30/2025 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. വരുന്ന ആറു മാസത്തിനുള്ളിൽ ഇതിനുള്ള നടപടികൾ പൂർത്തീകരിക്കും. തൃശ്ശൂർ ജില്ലയിലെ ഒളകര ഉന്നതിയിലെ 46 ആദിവാസി

കുടുംബങ്ങൾക്ക് ഒന്നര ഏക്കർ വീതം ഭൂമിയുടെ അവകാശരേഖ കൈമാറിയത് കഴിഞ്ഞ ദിവസമാണ്. ഇതേ ആർജവത്തോടെതന്നെ ആദിവാസി വിഭാഗക്കാർ കബളിപ്പിക്കപ്പെടാതിരിക്കാൻ ഏറ്റവും ശക്തമായ നിലപാടുകൾ സർക്കാർ സ്വീകരിക്കും.

പാലക്കാട് അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയേറ്റം തടയുക, ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി അവർക്ക് അളന്നുതിരിച്ച് നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനോട് വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം, കോട്ടത്തറ വില്ലേജിൽ പ്രിലിമിനറി സർവെ നമ്പർ-762/72-ൽ 230.2655 ഹെക്ടർ, 404/3-ൽ 1.8500 ഹെക്ടർ, 404/8-ൽ 2.1403 ഹെക്ടർ, 524/58-ൽ 44.2000 ഹെക്ടർ, 524/60-ൽ 0.2370 ഹെക്ടർ, 524/71-ൽ 54.6600 ഹെക്ടർ, 524/84-ൽ 4.0470 ഹെക്ടർ, 620/1-ൽ

346.2015 ഹെക്ടർ വീതം മൂപ്പിൽ നായർ, മണ്ണാർക്കാട് പേരിലും സർവെ നം. 1819/23-ൽ 210.3080 ഹെക്ടർ വകകൾ മണ്ണാർക്കാട് മൂപ്പിൽ നായർ കൂടാതെ മറ്റു വ്യക്തികളുടെ പേരിലും രേഖപ്പെടുത്തിക്കാണുന്നു. കോട്ടത്തറ വില്ലേജിൽ സർവെ നമ്പർ 762/23-ൽ 89.8672 ഹെക്ടർ, 1819/23-ൽ 76.90 ഹെക്ടർ, 404/1-ൽ 0.5666 ഹെക്ടർ, 404/3-ൽ 81.8212 ഹെക്ടർ, 524/58-ൽ 16.1878 ഹെക്ടർ, 524/60-ൽ 8.0939 ഹെക്ടർ, 524/71-ൽ 16.2008 ഹെക്ടർ, 524/84-ൽ 4.0470 ഹെക്ടർ, 620/108-ൽ 20.2350 ഹെക്ടർ വീതം ആകെ 233.9187 ഹെക്ടർ സ്ഥലം മണ്ണാർക്കാട് മൂപ്പിൽനായരുടെ അവകാശികൾ എന്നുപറയുന്നവർ പല വ്യക്തികൾക്ക് രജിസ്റ്റർ ചെയ്തുനൽകിയിട്ടുള്ളതാണ്. ഞാനിത് വിശദമായി വായിക്കാൻ കാരണം, ഈ സർക്കാർ വരുന്ന കാലത്ത് അട്ടപ്പാടിയിൽ സ്ഥിരമായി തണ്ടപ്പേരില്ല, താൽക്കാലിക തണ്ടപ്പേര് കൊടുക്കുകയാണ് ചെയ്യുന്നത്. ഒരു പ്രദേശത്തുള്ളതിനേക്കാൾ കൂടുതൽ ഭൂമി വിവിധ വഴികളിൽ കൈവിട്ടുപോയ അനുഭവങ്ങളും ഇതിന് മുമ്പിലുണ്ട്. വില്ലേജ് ഓഫീസിൽനിന്നോ താലൂക്ക് ഓഫീസിൽനിന്നോ കൈവശ സർട്ടിഫിക്കറ്റോ നികുതി രസീതോ ആർ.ഒ.ആർ.-ഓ അനുവദിച്ച് നൽകാതെയാണ് ആധാരങ്ങൾ

അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുനൽകിയിട്ടുള്ളത്. ടി സർവേ നമ്പറിൽപ്പെട്ട മറ്റാരും നികുതിയടച്ച് കൈവശം വച്ചിരുന്നില്ലെന്ന് കാണിച്ച് കോട്ടത്തറ വില്ലേജ് ഓഫീസർ 21-10-2023, 29-01-2024 എന്നീ തീയതികളിലായി 9 സാക്ഷ്യപത്രങ്ങൾ അനുവദിച്ചിട്ടുണ്ട്. ഒരു ഹെഡ് സർവേയർ സ്കെച്ച് തയ്യാറാക്കി നൽകിയതായും, ഈ സാക്ഷ്യപത്രങ്ങളുടേയും സ്കെച്ചിന്റെയും അടിസ്ഥാനത്തിൽ 183 ആധാരങ്ങൾ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സ്കെച്ച് തയറാക്കിയ ഹെഡ് സർവെയറെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. റവന്യൂ രേഖകളിൽ മൂപ്പിൽനായരുടെ പേരിലുള്ള സർവേ നമ്പരിൽ ഉൾപ്പെട്ട വസ്തുക്കൾ ജന്മിയുടെ അവകാശികളെന്ന പേരിൽ ശ്രീ. ശശീന്ദ്രൻ ഉണ്ണി മുതൽ 20 പേരാണ് ആരോപണവിധേയമായ ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ടി വസ്തുക്കൾ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ അനുവദിക്കരുതെന്ന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നികുതിയടച്ച് നൽകിയിട്ടില്ലാത്തതുമാണ്.

ഭൂപരിഷ്കരണ നിയമം പ്രകാരം പരിധിയിൽ കൂടുതലുള്ള ഭൂമി കൈവശം വയ്ക്കാൻ പാടില്ല. എന്നാൽ, ഇത്തരത്തിലുള്ള ഭൂമി കൈമാറി ആധാരങ്ങൾ തയ്യാറാക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ലെങ്കിലും, അങ്ങനെ ഉണ്ടാക്കുന്ന ആധാരങ്ങൾ അസാധുവായിരിക്കും. അധികഭൂമി കൈവശം വയ്ക്കുന്നവർക്കെതിരെ താലൂക്ക് ലാൻഡ് ബോർഡ് എടുക്കുന്ന കേസുകൾ ഇത്തരം ആധാരങ്ങൾ അസാധുവായി പരിഗണിക്കുന്നു. അട്ടപ്പാടി ഡിജിറ്റൽ സർവേ തുടർന്നാൽ ആദിവാസികൾ അട്ടപ്പാടിയിൽനിന്ന് തുടച്ച് നീക്കപ്പെടുമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്കയോട് ഒരുവിധത്തിലും യോജിക്കുന്നില്ല. വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കുന്നതിനുള്ള പരാതികൾ വ്യാപകമായതിനാൽ പട്ടികവർഗ്ഗക്കാർക്ക് കൈവശം വയ്ക്കുന്ന ഭൂമി കൃത്യമായി സർവേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മാത്രമേ ഭൂമി അന്യാധീനപ്പെട്ടതിന്റെ യഥാർഥ വസ്തുതകൾ കണ്ടെത്താൻ കഴിയൂ. മദ്രാസ് സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്റ്റ് പ്രകാരം തയ്യാറാക്കിയ സെറ്റിൽമെന്റ് രജിസ്റ്റർ അടിസ്ഥാനമാക്കിയും തുടർന്നുള്ള ആധാരങ്ങൾ പരിശോധിച്ചുമായിരിക്കും ഡിജിറ്റൽ സർവെ നടത്തുന്നത്. ഈ സാഹചര്യത്തിലാണ് ഡിജിറ്റൽ

സർവേയുടെ രണ്ടാം ഘട്ടം പൂർത്തീകരിക്കേണ്ട വില്ലേജുകളുടെ പട്ടികയിൽ കോട്ടത്തറ, അഗളി, ഷോളയൂർ വില്ലേജുകൾകൂടി ഉൾപ്പെടുത്തിയത്. അതിന്റെ സമഗ്രമായൊരു ചിത്രം വേണം. ഡിജിറ്റൽ സർവെ നടത്തുമ്പോൾ ആധാരങ്ങളുടെ ആധികാരികത പരിശോധിക്കാൻ റവന്യൂ-സർവ്വെ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ഇതുവഴി വ്യാജരേഖ ചമയ്ക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ സഹായം ലഭ്യമായിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിയും. പട്ടികവർഗ്ഗക്കാരുടെ ഭൂമി വ്യാജരേഖ ചമച്ച് കൈയ്യടക്കുന്നതിന് കൂട്ടുനിൽക്കുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം പ്രകാരം നടപടി സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കും. ആദിവാസികളുടെ ഭൂമി അവരെ കബളിപ്പിച്ച് കൈവശം വയ്ക്കുന്നവർ ആരായാലും മുഖം നോക്കാതെ ശക്തമായ നടപടി സ്വീകരിക്കും. കൈയ്യേറ്റക്കാരോട് ഒരു സന്ധിയുടെ ചെയ്യാത്ത കഠിന നടപടിയായിരിക്കും സർക്കാർ കൈക്കൊള്ളുക. നിയമവിരുദ്ധമായി നടക്കുന്ന പ്രവർത്തികളിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പങ്ക് തെളിയുന്നപക്ഷം

കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് സർവീസിൽനിന്നും ഒഴിവാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസി മലയോര മേഖലയിലെ അർഹരായ മുഴുവൻപേർക്കും ഭൂമിയും രേഖയും നൽകാൻ പ്രത്യേക എസ്.ഒ.പി. തന്നെ സർക്കാർ നൽകിയിട്ടുണ്ട്.

(8) പെരിഞ്ചേരികടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര അസംബ്ലി മണ്ഡലത്തിൽ ചെറുവണ്ണൂർ പഞ്ചായത്തിലെ പെരിഞ്ചേരിക്കടവ് കേന്ദ്രമായി നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തി 2020, ഒക്ടോബർ മാസത്തിൽ ആരംഭിച്ചതാണ്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 72.63 കോടിയുടെ ധനകാര്യാനുമതി ലഭ്യമായതാണ്. കെ.ഐ.ഐ.ഡി.സി.-യാണ് (KIIDC) നിർമ്മാണ ചുമതലയുള്ള ഏജൻസി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈൻ പ്രോഗ്രാമിലൂടെ പ്രവൃത്തി ഉദ്ഘാടനം ചെയ്തതാണ്. അഞ്ച് വർഷമായിട്ടും പദ്ധതി പൂർത്തിയായിട്ടില്ല. കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ പഞ്ചായത്തിനെ ബന്ധപ്പെടുത്തിയാണ് പാലം നിർമ്മിക്കുന്നത്. കുറ്റ്യാടി പുഴയിലേക്ക് അഴിമുഖത്തുനിന്നും ഉപ്പുവെള്ളം കയറുന്നത്

തടയുകയെന്നതും അതുവഴി പ്രദേശത്തെ കുടിവെള്ളത്തിന്റെയും കൃഷിയുടെയും സംരക്ഷണമെന്ന ലക്ഷ്യവും പദ്ധതിയ്ക്കുണ്ട്. രണ്ട് ഭാഗത്തുംചേർന്ന് 20 ശതമാനത്തോളം പ്രവൃത്തി മാത്രമേ അഞ്ച് വർഷത്തിനുള്ളിൽ നടന്നിട്ടുള്ളൂ. പ്രവൃത്തി പ്രതിസന്ധിയിലായ സമയത്ത് കിഫ്ബി ഉദ്യോഗസ്ഥരുമായി എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഉറപ്പുനൽകിയതാണ്. എന്നാൽ, ഒന്നരവർഷമായ പ്രവൃത്തി പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. അടിയന്തരമായി കിഫ്ബി, KIIDC എന്നിവയുടെ പ്രതിനിധികളെയും പേരാമ്പ്ര, കുറ്റ്യാടി മണ്ഡലം എം.എൽ.എ.-മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെയും വിളിച്ചുകൂട്ടി പ്രവൃത്തിയുടെ നില ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ പരിശോധിക്കണമെന്നും നിലവിലുള്ള സ്തംഭനാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കി പ്രവൃത്തി പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ സബ്മിഷൻ. ഒരു കാര്യംകൂടി പറയാനുള്ളത്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പല സന്ദർഭങ്ങളിലും ഈ

പ്രശ്നത്തിലിടപെട്ട് പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ എവിടെയാണ് ഇതിന് തടസ്സമെന്നത് വ്യക്തമാകുന്നില്ല. നിലവിലുള്ള കരാറുകാരാണ് തടസ്സമെങ്കിൽ അവരെ ടെർമിനേറ്റ് ചെയ്ത് പകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് ഈ പ്രവൃത്തി അങ്ങേയറ്റം നിലച്ചിരിക്കുന്നത്. ആയത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് വേണ്ടത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07-09-2019-ന് 68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07-09-2020-ന് നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 17-09-2020-ന് ആരംഭിച്ചു. പെരിഞ്ചേരിക്കടവ്

റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്കായി 22-05-2023 തീയതിയിലെ കിഫ്ബിയുടെ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ തുകകൂടി ഉൾപ്പെടുത്തി 72.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 18 മാസമായിരുന്നു കരാർ കാലാവധി.

പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി റിംഗ് ബണ്ടിന്റെ പ്രവൃത്തികൾ പ്രദേശത്ത് തുടങ്ങി. എന്നാൽ പദ്ധതി പ്രദേശത്തിന്റെ സ്ഥിതിയനുസരിച്ച് റിംഗ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി, പുതുക്കിയ രീതിയിലുള്ള ഡിസൈനും, നിരക്കും പ്രകാരമുള്ള റിംഗ് ബണ്ടാണ് നിർമ്മിച്ചത്. പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ, 'ടൗട്ടെ' ചുഴലിക്കാറ്റിന്റെ പ്രഭാവംമൂലം വെള്ളപ്പൊക്ക സാഹചര്യം ഒഴിവാക്കാൻ ബണ്ട് നീക്കം ചെയ്യാൻ കോഴിക്കോട് ജില്ലാ കളക്ടറുടെ ഉത്തരവിന്റെയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അറിയിപ്പിന്റെയും അടിസ്ഥാനത്തിൽ ബണ്ട് പൊളിച്ചുമാറ്റുകയുണ്ടായി. അതിനാൽ പ്രസ്തുത സമയത്തിനുള്ളിൽ പുഴയിൽ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിച്ചില്ല. ഇതെല്ലാം പദ്ധതിയുടെ പുരോഗതിയെ

സാരമായിത്തന്നെ ബാധിച്ചു. ഇടതുകരയിലെ പിയർ, അബട്ട്മെന്റ്, സംരക്ഷണഭിത്തി, ഏപ്രൺ എന്നിവ നിർമ്മിച്ചിട്ടുണ്ട്.

പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07-09-2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദേശം നൽകി.

തുടർന്ന്, ചീഫ് സെക്രട്ടറി 17.04.2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും, താഴെപ്പറയുന്ന മൂന്ന് നിർദേശങ്ങൾ നൽകുകയും ചെയ്തു.

1. ബഹു. കോടതിയുടെ വിധിന്യായം പ്രകാരം അനുവദിച്ച് നൽകാനുള്ള ബിൽ കെ.ഐ.ഐ.ഡി.സി. കിഫ്ബിയ്ക്ക് സമർപ്പിക്കണം.
2. തുടർന്നുള്ള പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പ്, പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി. തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിക്കണം.
3. യോഗത്തിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് പ്രിൻസിപ്പൽ സെക്രട്ടറി കിഫ്ബി ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്.

പ്രസ്തുത നിർദേശ പ്രകാരം കെ.ഐ.ഐ.ഡി.സി.-യിൽ നിന്ന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

പ്രസ്തുത ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം കെ.ഐ.ഐ.ഡി.സി. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തു.

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.-യിൽ സമർപ്പിക്കുകയും എൻ.ഐ.ടി. ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം

സന്ദർശിച്ച് പുതുക്കിയ രൂപരേഖയുള്ള അംഗീകാരം നൽകുകയും പുതുക്കിയ രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേയ്ക്ക് അംഗീകാരത്തിനായി 21-01-2025-ന് സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് പദ്ധതി പുനരാരംഭിക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ ചീഫ് പ്രോജക്റ്റ് എക്സാമിനർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും കെ.ഐ.ഐ.ഡി.സി.-യിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

കിഫ്ബിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്കും, ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ ഒപ്പ് വയ്ക്കുന്ന മുറയ്ക്കും പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ എനിക്ക് നേരിട്ട് ബോധ്യമുള്ള പ്രവർത്തനമാണ്. അതിന്റെ കാലതാമസം സംബന്ധിച്ച

ബുദ്ധിമുട്ടുകളാണ് ഇവിടെ സൂചിപ്പിച്ചത്. അതുകൊണ്ട് കുറ്റ്യാടി എം.എൽ.എ.-യും പേരാമ്പ്ര എം.എൽ.എ.-യും അതോടൊപ്പം കിഫ്ബിയുടേയും കെ.ഐ.ഐ.ഡി.സി.-യുടേയും ഉദ്യോഗസ്ഥരുമായി ചേർന്ന് ആവശ്യമെങ്കിൽ ഒരു യോഗം നടത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമോയെന്നും എവിടെയാണ് തെറ്റെന്നും കണ്ടെത്താം. ഏതെങ്കിലുംതരത്തിലുള്ള വീഴ്ചകൾ കരാറുകാരന്റെ ഭാഗത്തുനിന്നാണെങ്കിൽ അതും പരിശോധിക്കുന്നതായിരിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകും.

## (9) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും

ശ്രീ. അൻവർ സാദത്ത്: സർ, 'ജൽ ജീവൻ' മിഷൻ പദ്ധതിയ്ക്കായി പൊളിച്ച നിരവധി പഞ്ചായത്ത് റോഡുകൾ ഇനിയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി പൂർവസ്ഥിതിയിലാക്കിയിട്ടില്ല. അതിന് ഇനിയും കാലതാമസം നേരിടേണ്ടിവരുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആയതുകൊണ്ട്, 2024-25 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ടെൻഡർ ചെയ്ത പ്രവർത്തികൾപോലും പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. മാർച്ച് 31-ന് ഫണ്ട് ലാപ്സാകും. ഇത് പഞ്ചായത്തിന്റെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ മറ്റ് ഉദ്യോഗസ്ഥന്മാരുടെയോ കുഴപ്പമല്ല. ജൽ ജീവൻ മിഷന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് യഥാസമയം കൊടുക്കാത്തതിനാലും മറ്റു കാരണങ്ങളാലും ചില കോൺട്രാക്ടർമാർ വർക്ക് ഉപേക്ഷിച്ചുപോയതുൾപ്പെടെ നിരവധി പ്രശ്നങ്ങളുണ്ട്. സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിച്ച്, 2024-25-ലെ സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും ഉപയോഗിച്ച് ജലജീവൻ മിഷനുമായി ബന്ധപ്പെട്ട ടെൻഡർ ചെയ്ത പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും ഫണ്ട് ലാപ്സ് ആകാതിരിക്കാനും സമയപരിധി നീട്ടിനൽകാൻ ഒരു സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കണം. റോഡുകളുടെ പ്രവൃത്തികൾ പൂർത്തിയാകാതെ തുടർന്നാൽ വലിയ പ്രശ്നം ഉണ്ടാകുമെന്ന് ആശങ്കയുണ്ട്. അതുകൊണ്ട് അത് നടപ്പിലാക്കുവാൻവേണ്ടിയുള്ള സമയപരിധി

നീട്ടിക്കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കുമോ എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സാമ്പത്തിക വർഷം ആരംഭിക്കുതിനുമുമ്പുതന്നെ അടുത്ത വർഷത്തെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന രീതിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ളത്. അതായത്, പദ്ധതിനിർവഹണത്തിന് ഒരു സാമ്പത്തിക വർഷം മുഴുവൻ ലഭിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടും മെയിന്റനൻസ് ഫണ്ടും 3 ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തെ വികസന ഫണ്ട് 2024 ഏപ്രിൽ 19, 2024 ഡിസംബർ 7, 2025 ഫെബ്രുവരി 20 തീയതികളിലായും മെയിന്റനൻസ് ഫണ്ട് 2024 ഏപ്രിൽ 15, 2024 ആഗസ്റ്റ് 13, 2024 നവംബർ 30 തീയതികളിലായും അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനങ്ങളിൽ ഒരു സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാത്ത തുക വർഷാവസാനം നഷ്ടപ്പെടുന്ന രീതിയാണ്

2015-16 മുതൽ പ്രാബല്യത്തിലുള്ളത്. എന്നാൽ, 20% വരെയുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ അടുത്ത വർഷത്തെ ബജറ്റ് വിഹിതത്തിന് ഉപരിയായി ഉൾപ്പെടുത്താൻ ധനകാര്യവകുപ്പിന്റെ 15-7-2021 പ്രകാരം അനുമതി നൽകുകയും, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അധിക തുക അനുവദിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നടപ്പു വർഷത്തെ പദ്ധതി നിർവഹണത്തിന് ഒരു സാമ്പത്തിക വർഷം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. ജല ജീവൻ പദ്ധതിക്കായി പൊളിച്ച റോഡുകൾ പൂർവ സ്ഥിതിയിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഉൾപ്പെടെ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ നിർവഹണം പൂർത്തിയാകാത്തവ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം പൂർത്തിയാക്കുന്നതിന് നിലവിൽ ഉത്തരവ് നിലനിൽക്കുന്നതിനാൽ, 2024-25 സാമ്പത്തിക വർഷത്തെ ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് സമയം നീട്ടിനൽകുന്നതിനാവശ്യമായ സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കണമെന്ന ആവശ്യം പരിഗണിക്കാൻ വ്യവസ്ഥയില്ല എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## (10) ബ്രോഡ്ബാൻഡ്, ഡിജിറ്റൽ കേബിൾ ടി.വി., വാടക, നിരക്ക് ഏകീകരണം

ശ്രീ. മോൻസ് ജോസഫ്: സർ, ബ്രോഡ്ബാൻഡ് സേവനത്തിനുവേണ്ടി ടെലികോം കമ്പനികൾ 2G, 3G, 4G മൊബൈൽ സേവനങ്ങൾക്ക് നിശ്ചയിച്ച ഉയർന്ന നിരക്ക്; KSEBL ഇപ്പോൾ ഈടാക്കി വരുന്ന അധിക നിരക്ക് പിൻവലിച്ച്, ബ്രോഡ്ബാൻഡ്, ഡിജിറ്റൽ കേബിൾ ടി.വി. സേവനങ്ങൾക്ക് ഏകീകൃത നിരക്ക് നടപ്പിലാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ സംരഭകരായ അയ്യായിരത്തോളം ഓപ്പറേറ്റർമാരെ ഏകോപിപ്പിച്ച് നമ്മുടെ സംസ്ഥാനത്ത് കമ്പനിയായി രൂപീകരിക്കപ്പെട്ട 'കേരള വിഷൻ' എന്ന ഒരു പൊതുബ്രാൻഡിലാണ് കേരളത്തിൽ ചെറുകിട ഡിജിറ്റൽ കേബിൾ ടി.വി. ബ്രോഡ്ബാൻഡ് മേഖല ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ മാത്രം പ്രവർത്തിക്കുന്ന കേരള വിഷൻ ഡിജിറ്റൽ കേബിൾ ടി.വി. സർവീസ് 30 ലക്ഷത്തോളം വീടുകളിൽ സേവനമെത്തിച്ച് ദേശീയ തലത്തിൽ 5-ാം സ്ഥാനത്തും, 12.5 ലക്ഷത്തോളം കണക്ഷൻ നൽകി കേരള വിഷൻ

ബ്രോഡ്ബാൻഡ് 6-ാം സ്ഥാനത്തുമാണ് നിൽക്കുന്നത്. വൻകിട കോർപ്പറേറ്റുകൾ ആധിപത്യം സ്ഥാപിച്ചിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിലെ ഡിജിറ്റൽ കേബിൾ ടി.വി. ബ്രോഡ്ബാൻഡ് സർവീസ് മേഖലയിൽനിന്നും വ്യത്യസ്തമായ രീതിയിലാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. കേരള ടി.വി. ഓപ്പറേറ്റേഴ്സ് അസോസ്സിയേഷൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും പങ്കെടുത്തുകൊണ്ട് നടത്തിയ ചർച്ചയെ തുടർന്ന്, ഏകീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സ്വയം തൊഴിൽ സംരഭകരായ ഓപ്പറേറ്റർമാർക്ക് ആശ്വാസകരമായ രീതിയിൽ വൈദ്യുതി പോസ്റ്റ് വാടക നിരക്ക് നഗരസഭ പ്രദേശങ്ങളിൽ 300 രൂപയായും, പഞ്ചായത്തുകളിൽ 145 രൂപയായും, കൂടാതെ വാർഷിക വർധനവ് 3% ആക്കി പുതുക്കി നിശ്ചയിച്ച് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇത് പ്രകാരം സർക്കാർ ഇറക്കിയ ഉത്തരവ് മറികടന്നുകൊണ്ട് KSEBL ഇപ്പോഴും ബ്രോഡ്ബാൻഡ് സേവനത്തിന് വൻകിട ടെലകോം കമ്പനികളിൽനിന്നും 2G, 3G, 4G മൊബൈൽ സേവനങ്ങൾക്ക് നിശ്ചയിച്ച ഉയർന്ന നിരക്കുതന്നെ ഈടാക്കുന്ന സാഹചര്യമാണ്

നിലവിലുള്ളത്. ഇതുമൂലം ഈ മേഖല വലിയ പ്രതിസന്ധിയിലാണ്. ഉയർന്ന നിരക്ക് പിൻവലിച്ച് ബ്രോഡ്ബാൻഡ്, ഡിജിറ്റൽ കേബിൾ ടി.വി. നിരക്ക് ഏകീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ സമരം പ്രഖ്യാപിച്ചിരുന്നെങ്കിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും ചർച്ചയ്ക്ക് തയ്യാറാണെന്ന് അറിയിച്ചതിനാൽ ആ സമരം താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്. സ്വയം തൊഴിൽ സംരംഭകരായ ആയിരക്കണക്കിന് കേബിൾ ടി.വി.ഓപ്പറേറ്റർമാരുടെയും അരലക്ഷത്തോളം വരുന്ന ജീവനക്കാരുടെയും നിലനില്പിനെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്നും ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനുവേണ്ടി ഉന്നത തല യോഗം വിളിക്കണമെന്നും ആവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വൈദ്യുത പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിന് 01-04-2021 മുതൽ ഒരു പോസ്റ്റിന് KSEBL ഈടാക്കുന്ന പ്രതിവർഷ വാടക കോർപ്പറേഷൻ/മുനിസിപ്പാലിറ്റി

പ്രദേശങ്ങളിൽ 300 രൂപയും ഗ്രാമപ്രദേശങ്ങളിൽ 145 രൂപയുമാണ്, കൂടാതെ 3% വാർഷിക വർധനവും നിശ്ചയിച്ചിട്ടുണ്ട്. 2G, 3G, 4G ഇന്റർനെറ്റ് മൊബൈൽ കണക്ഷൻ സ്ഥാപനങ്ങൾക്ക് ആയത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏരിയയിൽ 506.68 രൂപയും പഞ്ചായത്തുകളിൽ 253.29 രൂപയുമാണ് നിരക്ക്. പ്രസ്തുത നിരക്ക് ചെറുകിട വൻകിട സേവന ദാതാക്കൾ എന്ന വേർതിരിവില്ലാതെ ഓപ്പറേറ്റർമാർ നൽകിവരുന്ന സേവനത്തെ അടിസ്ഥാനമാക്കിയാണ് നൽകേണ്ടത്. രണ്ട് സേവനങ്ങളും ഒരുമിച്ച് നൽകിവരുന്നവർക്ക് ഉയർന്ന നിരക്കാണ് ബാധകം. കേബിൾ ടി.വി. ഇന്റർനെറ്റ് കേബിളുകൾക്ക് നിലവിൽ KSEBL ഇടാക്കിവരുന്ന നിരക്കുകൾ ഏകീകരിക്കുക, കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഇന്ത്യൻ ടെലഗ്രാഫ് (റൈറ്റ് ഓഫ് വേ) റൂൾസ്, 2024, അനുസരിച്ചുമാത്രം പോസ്റ്റ് വാടക ഈടാക്കുക, BSNL നടപ്പാക്കുന്ന ഭാരത് നെറ്റ് പദ്ധതിക്ക് കേബിൾ വാടക ഒഴിവാക്കി നൽകുക തുടങ്ങിയ പോസ്റ്റ് വാടകയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എത്രയുംവേഗം സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട

അംഗം ഉന്നയിച്ച യോഗവുമായി ബന്ധപ്പെട്ട കാര്യവും സർക്കാരിന് പരിഗണിക്കാവുന്നതാണ്.

(11) വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. കൂടാതെ, കാലാകാലങ്ങളായി വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു ജില്ലകൂടിയാണ്. പുതിയ 110 കെ.വി. സബ്സ്റ്റേഷൻ, 33 കെ.വി. സബ്സ്റ്റേഷൻ അടക്കം സബ്സ്റ്റേഷനുകളുടെ കുറവ് , ട്രാൻസ്ഫോർമർ ഇല്ലായ്മ, ലൈൻ പുതിയതായി വലിക്കുന്നതുമായ ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവമൂലം ജില്ലയുടെ വൈദ്യുതിരംഗത്ത് വലിയ പ്രയാസങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കോട്ടയ്ക്കൽ മണ്ഡലത്തിനുകൂടി ഗുണം ലഭിക്കുന്ന വേങ്ങരയിലെ പുതിയ സബ്സ്റ്റേഷന്റെയും മരപട്ടം സബ്സ്റ്റേഷന്റെയും പ്രവൃത്തികൾ തുടങ്ങിവച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തന പുരോഗതി വളരെ മന്ദഗതിയിലാണ്. വേങ്ങരയിൽ ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ നേരിടുന്നു. അത് പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തതുകാരണം

അതിന്റെ പ്രവർത്തനം പുരോഗമിക്കുന്നില്ല. ഈ രണ്ട് സ്റ്റേഷനുകളും പൂർത്തീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ അവിടെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ കഴിയൂ. ടി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജ് തുടങ്ങിയെങ്കിലും അത് എങ്ങുമെത്താതെ പാതി വഴിയിൽ കിടക്കുകയാണ്. 2024-25 വർഷത്തിൽ, പ്രസ്തുത പദ്ധതിയിൻകീഴിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർധിപ്പിക്കൽ, ഏരിയൽ ബഞ്ച്ഡ് കേബിൾ നിർമ്മാണം, കബോർഡ് കണ്ടക്ടർ ഉപയോഗിച്ച് ഹൈ ടെൻഷൻ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരൂർ സർക്കിളിന്റെ കീഴിൽ 2024-25 വർഷത്തിൽ 65 കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയത്. ഇതിൽ 13 കോടി രൂപയുടെ പദ്ധതി പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ കഴിഞ്ഞ് അനുമതിക്കായി KSEBL -ന് സമർപ്പിച്ചിരിക്കുകയാണ്. ബാക്കി 52 കോടി രൂപയുടെ പ്രവൃത്തികൾക്ക് റേറ്റ് അംഗീകരിക്കുന്നതിനായി ഡയറക്ടർക്ക് മുമ്പാകെ കാത്ത് കിടക്കുകയാണ്. ടെൻഡർ ചെയ്ത പ്രവൃത്തികൾക്ക്

ബോർഡിന്റെ അംഗീകാരവും ബാക്കിയുള്ളവയ്ക്ക് റേറ്റ് അംഗീകാരവും നൽകാൻ KSEBL-ന്റെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്ക് നയംമൂലം ജില്ലയിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുകയാണ്. അതുകൊണ്ടുതന്നെ 2024-32 കാലത്തേക്കുള്ള 571 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാത്തൊരു അവസ്ഥയാണുണ്ടാകുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച ഈ പാക്കേജ് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റവും ത്വരിതഗതിയിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. മലപ്പുറം ജില്ലയിൽ വൈദ്യുതി സംബന്ധിയായ പ്രശ്നങ്ങൾ പരിഹരിക്കാൻ കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകിയ 410.93 കോടി രൂപയുടെ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി തിരൂർ സർക്കിളിനുകീഴിൽ 2024-25 വർഷം 62.51 കോടി രൂപയുടെ പ്രവൃത്തികൾ

നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ 13.58 കോടി രൂപയുടെ പ്രവൃത്തികൾ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കാനും 51.93 കോടി രൂപയുടെ പ്രവൃത്തികൾ ലോ ടെൻഷൻ ഏരിയയിൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം, റീകണക്ടിംഗ് എന്നിവയാണ്. ട്രാൻസ്ഫോർമറുകളുടെ ശേഷിവർദ്ധിപ്പിക്കുന്ന 13.58 കോടി രൂപയുടെ ടെൻഡർ 14-11-2024 -ൽ തന്നെ വിളിച്ചെങ്കിലും ടെൻഡർ എസ്റ്റിമേറ്റ് തുക കണക്കാക്കിയത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങളിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലാണ്. 51.93 കോടി രൂപയുടെ എൽ.റ്റി.എ.ബി.സി (ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ) പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മേൽപറഞ്ഞ എസ്റ്റിമേറ്റ് തുക കണക്കാക്കിയതിലുള്ള മാനദണ്ഡങ്ങൾ അടുത്തുചേരുന്ന ഫുൾടൈം ബോർഡിൽ വ്യക്തതവരുത്തി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതാണ്. തിരൂർ സർക്കിളിൽ 257.52 കോടി രൂപയുടെ പ്രവൃത്തികളാണ് "ദ്യുതി" സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെട്ടിരിക്കുന്നത്. 2025-26 കാലയളവിൽ 93.64 കോടി രൂപയുടെയും

2026-27 കാലയളവിൽ 98.67 കോടി രൂപയുടെയും പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നത്. വിശദമായ രേഖകൾ അദ്ദേഹത്തിന് ഇതിനോടൊപ്പം കൈമാറുന്നുണ്ട്+.

ഇവിടെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും വിധത്തിലുള്ള കാലതാമസം വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) തരിശുഭൂമികൾ കൃഷിയോഗ്യമാക്കാൻ നടപടി

ശ്രീ. പി. നന്ദകുമാർ: സർ, കാർഷികമേഖലയുടെ അഭിവൃദ്ധിക്കും കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കുംവേണ്ടി എൽ.ഡി.എഫ്. സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ഭക്ഷണത്തിനാവശ്യമായ എല്ലാ വസ്തുക്കൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടാണ് നമുക്കുള്ളത്. നെൽകൃഷി വ്യാപനത്തിൽ അൽപം നേട്ടമുണ്ടാക്കാൻ കഴിഞ്ഞെങ്കിലും സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. പൊന്നാനി കോൾമേഖലയിൽ (പൊന്നാനി-തൃശ്ശൂർ കോൾ മേഖല) തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടുന്ന 5 മണ്ഡലങ്ങളും പൊന്നാനി മേഖലയിലെ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

രണ്ട് മണ്ഡലങ്ങളും ഉൾപ്പെടുന്നുണ്ട്. ഈ കോൾ മേഖലയിലെ പ്രശ്നങ്ങളാണ് പ്രധാനമായും സബ്മിഷനായി ഉന്നയിക്കുന്നത്.

പൊന്നാനി കോൾ മേഖലയിൽ നെൽകൃഷി നടത്തുന്ന 3317.14 ഹെക്ടർ കൃഷി ഭൂമി കൂടാതെ ഏകദേശം 2400-ൽ അധികം ഹെക്ടർ സ്ഥലം നെൽകൃഷി ഉൾപ്പെടെയുള്ള വിവിധങ്ങളായ കൃഷിക്ക് യോഗ്യമാക്കുന്നതിന് സാധ്യതയുള്ളതാണ്. പൊന്നാനി മണ്ഡലത്തിൽ മാത്രം 250 ഹെക്ടറിൽ കൂടുതൽ നെൽകൃഷിക്ക് അനുയോജ്യമായ ഭൂമി തരിശിട്ടിരിക്കുകയാണ്, ഇതിന് കാരണമാകുന്നത് പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തതയാണ്. NABARD -ന്റെ സഹായത്തോടെയുള്ള ചമ്രവട്ടം -ബിയ്യം ലിങ്ക് കനാലിന്റെ 36 കോടി രൂപയുടെ പ്രോജക്ട് ടെൻഡർ നടപടികളിലാണ്. പൊന്നാനി കോൾ മേഖലയ്ക്ക് കഴിഞ്ഞകാലം ആവശ്യമായ പരിഗണന ലഭിക്കാത്തതിനാൽ നിലവിലുള്ള കൃഷിയിടങ്ങളിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനും തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും കഴിഞ്ഞിട്ടില്ല. ചമ്രവട്ടം ലിങ്ക് കനാൽ പദ്ധതിയുടെ പൂർത്തീകരണത്തോടെ ഉണ്ടാകാനിടയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയണമെങ്കിൽ, പ്രധാന തോടുകളും ഉപതോടുകളും

വീതിയും ആഴവും വർദ്ധിപ്പിച്ച് അവയുടെ നില മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇവിടേക്ക് ആവശ്യമായ വെള്ളം ചമ്രവട്ടത്തുനിന്നാണ് വരുന്നത്. ചമ്രവട്ടം പദ്ധതിയുടെ പ്രവൃത്തി മൂന്നര വർഷമായിട്ടും പൂർത്തീകരിക്കാത്തതിനാൽ അവിടെ വെള്ളം ചോർന്ന് പോകുന്നത് കൃഷിക്കും കുടിവെള്ളത്തിനും വലിയ തോതിൽ പ്രയാസമുണ്ടാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ കരാർ നീട്ടിക്കൊടുത്തിരിക്കുന്നത് 7-ാമത്തെ പ്രാവശ്യമാണ്. അക്കാര്യം ബന്ധപ്പെട്ട വകുപ്പ് ഗൗരവമായിത്തന്നെ പരിശോധിക്കണമെന്ന് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ആ പദ്ധതി യാഥാർത്ഥ്യമായാൽ മാത്രമെ NABARD-ന്റെ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. കോൾമേഖലയെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതിയുടെ പൂർത്തീകരണം അടിയന്തരമായി നിർവ്വഹിക്കണം, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കണം. പ്രസ്തുത പ്രദേശം നെൽകൃഷിയോടൊപ്പം ഇടവിളകൾ കൂടി കൃഷിചെയ്യാൻ അനുയോജ്യമാണ്. ആ സാധ്യതകളും ഉപയോഗപ്പെടുത്താൻ സാധിക്കണം. കോൾമേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഇടപെടൽ

നടത്തുന്നതോടൊപ്പംതന്നെ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനവും ആത്യാവശ്യമാണ്. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എൽ.ഡി.സി. (കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ സാധിച്ചാൽ, കൃഷിക്ക് വളരെയധികം സാധ്യതകളുള്ള മേഖലയായി പൊന്നാനി കോൾ മേഖല മാറ്റപ്പെടും. സരക്കാരിന്റെ സത്വരമായ ശ്രദ്ധ ഈ മേഖലയ്ക്കകത്ത് ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഉയരുന്ന ജനസാന്ദ്രതയും നഗരവൽക്കരണവും കൃഷിയിടങ്ങളുടെ വിസ്തൃതി കുറയ്ക്കുന്നുണ്ട്. കൃഷിയോഗ്യമായ മുഴുവൻ ഭൂമിയിലും കൃഷിചെയ്ത് കൃഷിയിടങ്ങൾ വർദ്ധിപ്പിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയവും കാലഘട്ടത്തിന്റെ അനിവാര്യതയുമാണ്. 'ഞങ്ങളും കൃഷിയിലേക്ക് ' പദ്ധതിയും ഉൽപാദന-സേവന-വിപണന മേഖലകളിലെ 'കൃഷിക്കൂട്ടങ്ങളുടെ' രൂപീകരണവും കൃഷിയോഗ്യമായ കൃഷിയിടം, കൃഷിചെയ്യുവാനുതകുന്ന 'നവോത്ഥാൻ പദ്ധതി'

എന്നിവയൊക്കെ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ പ്രതിബദ്ധത വെളിവാക്കുന്നുണ്ട്.

കേരളത്തിന്റെ തനതായ കാർഷിക മേഖലകളായ നെൽകൃഷി, നാളികേര കൃഷി, പച്ചക്കറി കൃഷി എന്നിവയെല്ലാം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ സാധ്യമായ എല്ലാ പ്രദേശങ്ങളിലും കൃഷിക്കായുള്ള പിന്തുണയും അടിസ്ഥാന സൗകര്യങ്ങളും സർക്കാർ പരിപോഷിപ്പിക്കുന്നുണ്ട്. നമ്മുടെ ആരോഗ്യത്തെക്കൂടി കണക്കിലെടുത്തുകൊണ്ട് വിഷരഹിതമായ ഭക്ഷണം ഉൽപാദിപ്പിക്കാനുള്ള തീവ്രപരിശ്രമത്തിൽ ഏർപ്പെടുന്നതാണ്. സർക്കാരിന്റെ മുൻകൈയ്യിൽ നടക്കുന്നത് ജനകീയ പദ്ധതികളാണ്. ഇതിന്റെ ഭാഗമായി 'തരിശ് രഹിത കേരളം' എന്നത് നമ്മുടെ അജൻഡയായി മാറേണ്ടതുണ്ട്. ഇതിനായി 'കൃഷിയിട ആസൂത്രണപദ്ധതിക്കും' തുടക്കംകുറിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ജനകീയ കൂട്ടായ്മകൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ എന്നിവരുടെയെല്ലാം കൂട്ടായ ഇടപെടലിലൂടെ പ്രാദേശിക ആസൂത്രണ നിർവ്വഹണരീതി

അവലംബിക്കാനാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്, അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പൊന്നാനി കോൾ മേഖല പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഇതിനായുള്ള ഇടപെടലുകൾ സർക്കാർ കാര്യക്ഷമമായി നടത്തുകയും തൃശ്ശൂർ-പൊന്നാനി കോൾമേഖലയുടെ സമഗ്രവികസനത്തിനായി തൃശ്ശൂർ കോൾ നില വികസന ഏജൻസിയും തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കോൾ മേഖലയിലെ കൃഷി വ്യാപനത്തിനും വികസനത്തിനും ഉതകുന്ന രീതിയിലുള്ള ഏതെല്ലാം പദ്ധതികൾ ആവശ്യമാണെന്ന് പഠനം നടത്തുന്നതിന് തൃശ്ശൂർ കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിലെ പ്രൊഫസർ & ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റുമായ ഡോ. എ. ലതയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ-മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന നെൽകൃഷി മേഖലയായ പൊന്നാനി-തൃശ്ശൂർ കോൾ 14600 ഹെക്ടർ ചുറ്റളവിലുണ്ട്. ഇതിൽ 3600 ഹെക്ടർ പൊന്നാനി കോളും 11000 ഹെക്ടർ തൃശ്ശൂർ കോളുമാണ്. 236 ഹെക്ടർ

പൊന്നാനി കോളിലും 11.8 ഹെക്ടർ തൃശ്ശൂർ കോളിലും തരിശുഭൂമി നിലവിലുണ്ട്. RIDF-ന്റെ 2019, 2020, 2022 ട്രാഞ്ചുകളിലായി 225.23 കോടി രൂപയുടെ പദ്ധതിയും 43.08 കോടി RKVY പദ്ധതിയും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിക്കഴിഞ്ഞു. 2018-ലെ മഹാപ്രളയത്തിനുശേഷം തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ വികസനത്തിനായും മുഴുവൻ കൃഷിഭൂമിയും കൃഷിയോഗ്യമാക്കി കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി അനുവദിച്ച 298.38 കോടി രൂപയുടെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി ഈ മേഖലയിൽ നടപ്പിലാക്കിവരുന്നുണ്ട്. പെരുമ്പടപ്പ് ബ്ലോക്കിന്റെ പരിധിയിൽപ്പെട്ട പൊന്നാനി കോൾ മേഖലയിൽ നെൽകൃഷി ചെയ്യാൻ സാധ്യമായ മേഖലകളെല്ലാം കൃഷിയിലേക്ക് കൊണ്ടുവരുക എന്നതാണ് ലക്ഷ്യം വച്ചിട്ടുള്ളത്, ആ രീതിയിൽ മുമ്പോട്ടേയ്ക്ക് നീങ്ങിയിട്ടുണ്ട്, കൃഷിയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. പെരുമ്പടപ്പ് ബ്ലോക്കിലെ 5 പഞ്ചായത്തുകളിലായി 12 പാടശേഖരങ്ങളിൽ 160- നടുത്ത് ഹെക്ടർ സ്ഥലം അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുമൂലം നെൽകൃഷി ചെയ്യാൻ കഴിയാതെ തരിശായി കിടക്കുന്നുണ്ട്.

നിലവിൽ ബിയ്യം കായൽ, നൂറടിത്തോട് എന്നിവയിൽ സംഭരിക്കുന്ന വെള്ളം മാത്രമാണ് കോൾകൃഷിക്ക് ഉപയോഗിക്കുന്നത്. തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ നിലവിൽ ജലസംഭരണികളായി മാറിയിരിക്കുകയാണ്. ആയത് കൃഷിയോഗ്യമാക്കുമ്പോൾ രണ്ട് വിഷയങ്ങൾ പരിഹരിക്കേണ്ടതുണ്ട്. അതിൽ ഒന്ന്, ജലസംഭരണത്തിനായി പുതിയ സ്ഥലം കണ്ടെത്തണം, ഇതിനായി ആവശ്യമായ ബണ്ട്, വിവിധ എച്ച്.പി. കളിലുള്ള പമ്പ് സെറ്റുകൾ പമ്പ് ഹൗസുകൾ, വൈദ്യുതി തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി നൽകുകയും പാടശേഖരങ്ങളുടെ ഉള്ളിലും പുറത്തുമുള്ള തോടുകൾ നവീകരിച്ചും ജലവിതരണ സംവിധാനം ഉറപ്പാക്കണം. രണ്ടാമതായി ജലസേചനത്തിന് ആവശ്യമായ ജലം ലഭ്യമാക്കണം. ഇതിന്റെ ഒന്നാംഘട്ടമായി ഭാരതപ്പുഴയിൽനിന്നും ബിയ്യം കാനലിലേക്ക് ജലമെത്തിക്കുന്ന നടപടികൾ ജലവിഭവ വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന ജലം നൂറടിത്തോടിന്റെ വിവിധ റീച്ചുകളിൽ എത്തിയാൽ മാത്രമെ പ്രസ്തുത കോൾ മേഖലയുടെ ജലസേചനത്തിന് പര്യാപ്തമാകൂ. ബിയ്യം കനാലിൽനിന്നും നൂറടിത്തോടിലൂടെ ഗ്രാവിറ്റി ഫ്ലോ സാധ്യമല്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ആയതിനായി

ജലവിതരണ സംവിധാനം ചിട്ടപ്പെടുത്തേണ്ടതുണ്ട്. ഇതിനായുള്ള വിദഗ്ധ പഠനം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. ഈ രണ്ട് കാര്യങ്ങളും നടപ്പിലാക്കുന്നതിനായി സർക്കാർ ശ്രമിക്കുകയാണ്, അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് എന്നകാര്യംകൂടി അറിയിക്കുകയാണ്.

(13) നാദാപുരം മണ്ഡലത്തിലെ വിവിധ കിഫ്ബി പ്രവൃത്തികൾ

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, അതിൽ കുറച്ചെണ്ണം കമ്മീഷൻ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയിൽചിലത് പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനിരിക്കുന്നു, മറ്റുചിലതിന് ഭരണാനുമതി ലഭിച്ചുകഴിഞ്ഞു. കുറച്ചുപദ്ധതികൾക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചു. അത്തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മലയോര ഹൈവെ, റോഡുകൾ, പാലങ്ങൾ, കോളേജ് കെട്ടിടങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ എന്നിവയെല്ലാം പദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്. ഇതെല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സഹായം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

പ്രവൃത്തികൾ സമയബന്ധിതമായി എങ്ങനെ പൂർത്തീകരിക്കാൻ കഴിയുമെന്ന് മറുപടിയിലൂടെ വ്യക്തമാക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. നാദാപുരം നിയോജകമണ്ഡലത്തിലെ കുളങ്ങരത്ത് - നമ്പിത്താൻകുണ്ട് - വാളൂക്ക് - വിലങ്ങാട് റോഡുകളുമായും വിവിധ കിഫ്ബി പദ്ധതികളുമായും ബന്ധപ്പെട്ട സബ്മിഷനാണ് ഉന്നയിച്ചിരിക്കുന്നത്. 41.31 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയ കുളങ്ങരത്ത് -നമ്പിത്താൻകുണ്ട് - വാളൂക്ക് - വിലങ്ങാട് റോഡിന്റെ പ്രവൃത്തി നിലവിൽ 54 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു; 2025 ഡിസംബർ മാസത്തോടുകൂടി പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം ലക്ഷ്യമിടുകയാണ്. 31 കോടി 72 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയ തൊട്ടിൽപ്പാലം-കുണ്ടുതോട് റോഡിന്റെ ചെയിനേജ് 2/783 മുതൽ 6/783 വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെയിനേജ് ഭാഗത്ത് പുതുക്കിയ ധനാനുമതി ആവശ്യമാണ്. ഇതിനായി കിഫ്ബി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.

കിഫ്ബി അനുമതി ലഭ്യമായാൽ ഉടൻതന്നെ തുടർനടപടി സ്വീകരിക്കും. കുഞ്ഞോം നിരവിൽപുഴ - ചുങ്കക്കുറ്റി - പൂതംപാറ വരെയുള്ള മലയോര ഹൈവേയുടെ പ്രവൃത്തിക്ക് 38,47,30,000 രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. സാമ്പത്തികാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിനുശേഷം തുടർനടപടികളിലേക്ക് കടക്കുന്നതാണ്. കുഞ്ഞോം -നിരവിൽപുഴ - ചുങ്കക്കുറ്റി - പൂതംപാറ – തൊട്ടിൽപ്പാലം മലയോര ഹൈവേയുടെ പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 30-03-2023-ന് 45 കോടി 34 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. പ്രവൃത്തിക്ക് ഫ്രീ-സറണ്ടറായി ഭൂമി ലഭ്യമായിട്ടില്ല. ഫ്രീ-സറണ്ടറിനെതിരെ പ്രദേശവാസികൾ കേസ് നൽകിയിട്ടുണ്ട്. മലയോര ഹൈവേയിൽ ഉൾപ്പെട്ട ചാവറമുഴി പാലം നിർമ്മാണത്തിനായി കിഫ്ബി 9,28,90,000 രൂപയുടെ ധനാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മലയോര ഹൈവേയുടെ കുഞ്ഞോം - നിരവിൽപുഴ റീച്ചിൽ ഉൾപ്പെട്ട നിരവിൽപുഴ-തൊട്ടിൽപ്പാലം (സ്റ്റേച്ച് 1) ചുങ്കക്കുറ്റി മുതൽ പൂതംപാറ

പാലം വരെയുള്ള ഭാഗത്തെ പ്രവൃത്തിക്ക് എഫ്.എസ്. റീവാലിഡേഷനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ റീച്ചിൽ ഉൾപ്പെട്ട പൂതംപാറ പാലം മുതൽ തൊട്ടിൽപ്പാലം വരെയുള്ള ഭാഗത്തെ പ്രവൃത്തിക്ക് ഫ്രീ-സറണ്ടറായി ഭൂമി ലഭ്യമായിട്ടില്ല. വടകര- വില്യാപ്പള്ളി - ചേലക്കാട് റോഡ് പ്രവൃത്തിക്ക് 77 കോടി 21 ലക്ഷം രൂപയുടെ ചെയിനേജ്... അതിനെക്കുറിച്ച് ഞാൻ  വിശദമായി പറയുന്നില്ല. ഏഴര കിലോമീറ്റർ Conventional രീതിയിലും ചെയിനേജ് 5/700 മുതൽ 14/184 വരെയുള്ള എട്ടര കിലോമീറ്റർ FDR സാങ്കേതികവിദ്യ ഉപയോഗിച്ചും നടപ്പാക്കുന്നതിനാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പ്രോജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി.- പി.എം.യു-ന് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി നൽകിയശേഷം ടെണ്ടർ നടപടികളിലേക്ക്  കടക്കുന്നതാണ്. കായപ്പനച്ചി - കുന്നുംചിര - പുതിയങ്ങാടി പദ്ധതിയുടെ (എടച്ചേരി റോഡ്) ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. മൂന്നാംകൈ - കൈവേലി റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കെ.ആർ.എഫ്.ബി. കിഫ്ബിക്ക്  സമർപ്പിച്ചിരുന്നു. എന്നാൽ മാനദണ്ഡപ്രകാരമുള്ള വീതി ലഭ്യമാകാത്തതിനാൽ കിഫ്ബി അന്തിമ

തീരുമാനമെടുക്കേണ്ടതുണ്ട്. നാദാപുരം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവൃത്തിയല്ല.

നാദാപുരം മണ്ഡലത്തിൽ നിരവധി പ്രവൃത്തികളുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നുണ്ട്. കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം സംസ്ഥാനത്ത് 140 മണ്ഡലങ്ങളിലും ഓരോ നോഡൽ ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ടുള്ള പ്രവൃത്തി എല്ലാ മാസവും പരിശോധിക്കുന്നുണ്ട്. ഇത് വളരെ ഫലപ്രദമാണ്. ഇത് സംബന്ധിച്ചൊരു മീറ്റിംഗ് രണ്ടുദിവസം മുമ്പ് ചേർന്നിരുന്നു. നാദാപുരം മണ്ഡലത്തെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രത്യേകം ഇടപെടൽ നടത്താമെന്ന് സഭയെ അറിയിക്കുന്നു. മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

(14) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധികമായി ഡോക്ടർമാർ വേണമെന്ന ആവശ്യത്തെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് പ്രസവ വാർഡും കുട്ടികളുടെ വാർഡും അടച്ചുപൂട്ടിയ ഈ ആശുപത്രി ഇന്ന് മെച്ചപ്പെട്ട

+ അനുബന്ധമായി ചേർക്കുന്നു.

നിലവാരത്തിലേയ്ക്കെത്തുകയാണ്. പോലീസ് സർജന്റെ ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് ചെയ്തുകൊടുക്കുന്നൊരു ആശുപത്രിയാണ് ഇത്. ഇവിടെ നെഫ്രോളജി വിഭാഗം ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതുണ്ട്. അതുകൂടാതെ ചില ഘട്ടങ്ങളിൽ ഡോക്ടർമാർ അപ്രതീക്ഷിതമായി ലീവെടുക്കുന്നത് ഒ.പി.-യുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്; ഇത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുമുണ്ട്. കൂടുതൽ പി.ജി. ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ഒരു വർഷം ശരാശരി ഏഴുലക്ഷത്തിലധികം വരുന്ന രോഗികൾക്കാണ് ഒ.പി. വിഭാഗത്തിൽ ചികിത്സ ലഭിക്കുന്നത്. ലക്ഷക്കണക്കിന് ആളുകളാണ് ഒരു വർഷം കിടത്തി ചികിത്സയ്ക്ക് വിധേയമാക്കുന്നത്. വളരെ പ്രധാനപ്പെട്ടൊരു ആശുപത്രിയാണ്. കാട്ടാക്കട, പാറശ്ശാല, നെയ്യാറ്റിൻകര, കന്യാകുമാരി ജില്ലയിലടക്കമുള്ള സാധാരണക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട ആശ്രയകേന്ദ്രമായ ഈ ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ ദേശീയപാതയ്ക്ക് അരികിലാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രി സ്ഥിതി ചെയ്യുന്നത്. തീരദേശ മേഖലയിലെയും മലയോര മേഖലയിലെയും തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലെയും ജനങ്ങൾ സേവനത്തിനായി ആശ്രയിക്കുന്ന പ്രധാനപ്പെട്ട ആശുപത്രിയാണിത്. വിശദമായ മറുപടിയാണ്; ഇത് ടേബിൾ ചെയ്യാം.+ മറുപടിയുടെ അവസാനഭാഗം സഭയെ അറിയാൻ വേണ്ടി ഞാൻ വായിക്കാം.

മൊത്തം 277 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. ഇവിടെ എൻ.എച്ച്.എം. മുഖാന്തരം 7 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 41 പേർ, എച്ച്.എം.സി. മുഖാന്തരം 101 പേർ എന്നിങ്ങനെ 142 താൽക്കാലിക ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ആശുപത്രിയിൽ 419 ജീവനക്കാരുടെ സേവനം മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാണ്. ആർദ്രം മാനദണ്ഡപ്രകാരം ജില്ലയിലെ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത് തിരുവനന്തപുരം ജനറൽ ആശുപത്രിയാണ്. എങ്കിലും രണ്ടായിരത്തിലധികം

+ അനുബന്ധമായി ചേർക്കുന്നു.

രോഗികൾ ദിവസേന ചികിത്സ തേടിയെത്തുന്ന ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രിയെന്ന പരിഗണനയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ, റേഡിയോ ഡയഗ്നോസ്റ്റിക് വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## (15) ആരോഗ്യ സർവകലാശാലയ്ക്കുകീഴിൽ MHA,MPH കോഴ്സുകൾ ആരംഭിക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, Master of Health Administration (MHA), Master of Public Health (MPH) എന്നീ കോഴ്സുകൾ ഗവൺമെന്റ് മേഖലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ആരോഗ്യരംഗത്ത് ഗുണകരമായ മാറ്റമാണ് പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ലഭ്യമായത്. ചികിത്സാ രംഗത്ത് ക്ലിനിക്കൽ മേഖലപോലെ നോൺ-ക്ലിനിക്കൽ മേഖലയ്ക്കും തുല്യ പ്രാധാന്യമുണ്ട്. മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും കേരളത്തിൽ പുതുതായി ഉയർന്നുവരുന്നുണ്ട്. അവിടെ നോൺ- ക്ലിനിക്കൽ മേഖലയിലും മെഡിക്കൽ

ഓഫീസർമാർക്ക് ജോലി ചെയ്യേണ്ടിവരുന്നു. ചികിത്സ നൽകേണ്ട സമയം നോൺ-ക്ലിനിക്കൽ മേഖലയിൽ സമയം ചെലവഴിക്കേണ്ടി വരുന്ന അവസ്ഥയാണുള്ളത്. ക്വാളിറ്റി ഹോസ്പിറ്റൽ അക്വയേർഡ് ഇൻഫെക്ഷൻ സെന്റർ, പർച്ചേസ്, ഹ്യൂമൺ റിസോഴ്സ്, മെഡിക്കൽ റിക്കോർഡ്സ്, അക്കൗണ്ട്സ് വിഭാഗങ്ങളിലെ ജോലികളും മെഡിക്കൽ ഓഫീസർമാർതന്നെ ചെയ്യേണ്ടിവരുന്ന അവസ്ഥയുണ്ട്. MHA, MPH എന്നീ കോഴ്സുകൾ കഴിഞ്ഞുവരുന്നവർക്ക് ഈ ജോലി എളുപ്പമാകും. എന്നാൽ ഇന്ന് ഈ രണ്ട് കോഴ്സുകളും സർക്കാർ മേഖലയിലില്ല. അതുകൊണ്ട് MHA, MPH കോഴ്സുകൾ ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സർ, ആരോഗ്യ സർവകലാശാലയുടെകീഴിൽ ബിരുദ-ബിരുദാനന്തര കോഴ്സുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ സേവന വകുപ്പിന്റെയും കീഴിൽ ഡിപ്ലോമ കോഴ്സുകളും ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ

നടത്തിവരികയാണ്. എന്നാൽ മേൽപ്പറഞ്ഞ MHA, MPH കോഴ്സുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെയും യോഗ്യരായ ഫാക്കൽറ്റികളുടെയും ലഭ്യത ഉണ്ടെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഈ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ മറുപടി ടേബിൾ ചെയ്യാം.+

+ അനുബന്ധമായി ചേർക്കുന്നു.